# കൊടുങ്ങല്ലൂർ ചേരമാൻ ജുമാ മസ്ജിദ്

(THE FIRST JUMA MASJID IN INDIAN SUB CONTINENT)



# മഹല്ല് പൊതുയോഗം 2017

**2017 മെയ് 13 ശനിയാഴ്ച രാവിലെ 9 മണിക്ക്, ചേരമാൻ ഓർഫനേജ് ഹാളിൽ**

## നോട്ടീസ്

മാന്യരെ, السلام عليكم

കൊടുങ്ങല്ലൂർ ചേരമാൻ ജുമാ മസ്ജിദ് മഹല്ലിന്റെ വാർഷിക പൊതുയോഗം 13.05.2017 ശനിയാഴ്ച രാവിലെ 9 മണിക്ക് ചേരമാൻ ഓർഫനേജ് ഹാളിൽ വെച്ച് കൂടുവാൻ തീരുമാനിച്ചിരിക്കുന്നു. താങ്കളും കുടുംബത്തിലെ പ്രായപൂർത്തിയായ പുരുഷമെമ്പർമാരും യോഗത്തിൽ പങ്കെടുക്കുവാൻ താൽപര്യപ്പെടുന്നു.

പൊതുയോഗത്തിന് വരുമ്പോൾ ചർച്ചകൾക്കായി ഈ റിപ്പോർട്ട് കൊണ്ടുവരേണ്ടതാണ്. പൊതുയോഗ നോട്ടീസ് മസ്ജിദിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

എന്ന്,

**എസ്.എ. അബ്ദുൽ കയ്യൂം (ഒപ്പ്)**

സെക്രട്ടറി, ചേരമാൻ മഹല്ല് ഭരണസമിതി

20-04-2017

കൊടുങ്ങല്ലൂർ

Website : www.cheramanmosque.com | www.cheramanjumamasjid.com
E-mail : cheramanmasjid@gmail.com
Phone: 0480 - 280 3170, +91 82 89 84 3170

# മഹല്ല് ഭരണസമിതി 2016-2018

പ്രസിഡന്റ്



ഡോ. പി.എ. മുഹമ്മദ് സഈദ്

വൈ: പ്രസിഡന്റ്



യു.എ. സെയ്തു മുഹമ്മദ്

സെക്രട്ടറി



എസ്.എ. അബ്ദുൽ കയ്യും

ജോ. സെക്രട്ടറി



പി.എസ്. മുഹമ്മദ് റഷീദ്

ട്രഷറർ



എ.കെ.കെ. നയന(മുത്തു)

# കമ്മറ്റി അംഗങ്ങൾ



കെ.എ. അമീർ അലി



കെ.എ. അബ്ദുൽ കരീം



കെ.പി. അഷ്റഫ്



കെ.എം. അബ്ദുൽ റഹിമാൻ



സി.കെ. അബ്ദുൽ കലാം



പി.എം. അബ്ബാസ്



കെ.വൈ. അക്ബർ



എ.എ. ഹനീഫ



ഡോ. അബ്ദുൽ റഹ്മാൻ കെ.എ.



ടി.കെ. ഹൈദ്രോസ്

ഓഡിറ്റേഴ്സ്



എൻ.എ. അലി



സി.എ. അബ്ദുൽ റഷീദ്

റിട്ടേണിംഗ് ഓഫീസർ



സി.വൈ. സലിം

അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർ



നവാസ് പടുവിങ്ങൽ

# മഹല്ല് പൊതുയോഗം – 2017

**2017 മെയ് 13 ശനിയാഴ്ച**

## കാര്യപരിപാടി

1. പ്രാർത്ഥന
2. സ്വാഗതം
3. ഉപക്രമം
4. 2016-2017 വർഷത്തെ വിദ്യാഭ്യാസ അവാർഡ് വിതരണം.
5. 14.05.2016 ൽ കൂടിയ മഹല്ല് പൊതുയോഗത്തിന്റെ മിനിറ്റ്സ് വായിച്ച് അംഗീകരിക്കൽ.
6. പ്രവർത്തന റിപ്പോർട്ട്, ഓഡിറ്റ് ചെയ്ത വരവ് ചെലവ് കണക്ക് (2016-2017) അവതരിപ്പിച്ച് പാസാക്കൽ
7. ചോദ്യങ്ങൾ - പ്രമേയങ്ങൾ
8. 2017-2018 ലേക്കുള്ള ബഡ്ജറ്റ് അവതരിപ്പിക്കൽ

10. 2017-2019 വർഷത്തേക്കുള്ള മഹല്ല് ഓഡിറ്റർമാരെ തെരഞ്ഞെടുക്കൽ.
11. അദ്ധ്യക്ഷൻ അനുവദിക്കുന്ന കാര്യങ്ങൾ
12. ഉപസംഹാരം
13. നന്ദി

**എസ്.എ. അബ്ദുൽ കയ്യൂം** (ഒപ്പ്)
സെക്രട്ടറി

**ചോദ്യങ്ങൾ പ്രമേയങ്ങൾ തുടങ്ങിയവ 09.05.2017 –ന് വൈകീട്ട് 5 മണിക്ക് മുമ്പായി ഓഫീസിൽ നൽകേണ്ടതാണ്. നിശ്ചിത സമയത്തിനു ശേഷമുള്ള ചോദ്യങ്ങളും പ്രമേയങ്ങളും സ്വീകാര്യമല്ല.**

---

**കണക്കുകൾ സംബന്ധിച്ച ചോദ്യങ്ങൾ മുൻകൂട്ടി എഴുതി സമർപ്പിച്ചാൽ മാത്രമെ മറുപടി തയ്യാറാക്കി നൽകാൻ കഴിയുകയുള്ളൂ.**

# പ്രവർത്തന റിപ്പോർട്ട് 2016-2017

*"കാരുണ്യവാനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ'*

പ്രിയരെ, അസ്സലാമുഅലൈക്കും

നമുക്ക് ജന്മം നൽകിയ നാടും, നമ്മുടെ വിശ്വാസങ്ങളും, സ്വാതന്ത്ര്യവും പ്രതിസന്ധിയിലൂടെ കടന്ന് പോകുന്ന ഒരു കാലഘട്ടത്തിലാണ്13-05-2017 ൽ നാം മഹല്ലിന്റെ വാർഷിക പൊതുയോഗം കൂടുന്നത്. ഇന്ത്യൻ മതേതരത്വത്തിന്റെ പ്രത്യേകിച്ച് മുസ്‌ലിംങ്ങളുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുന്ന രീതിയിലുള്ള ഭരണകൂടഭീകരതയുടെ കടന്ന് കയറ്റം അക്ഷരാർത്ഥത്തിൽ നമ്മുടെ ചിന്തകൾക്കപ്പുറത്താണ്. സമുദായം ഐക്യത്തോടെ മുന്നോട്ട് പോകേണ്ട നിർണ്ണായകമായ കാലഘട്ടമാണിത്. നമുക്ക് പ്രവൃത്തിയോടൊപ്പം ദുആ ചെയ്യാം...., ഈ പ്രിയപ്പെട്ട മണ്ണിൽ ഈമാൻ മുറുകെ പിടിച്ച് ജീവിക്കാനുള്ള അവകാശത്തിന് വേണ്ടി, സർവ്വശക്തന്റെ കാരുണ്യത്തിനായി.

മഹല്ലിന്റെ ജനാധിപത്യസംവിധാനത്തെ സമൂഹമധ്യത്തിൽ ഉയർത്തിപ്പിടിക്കാനാകുന്ന വിധമുള്ള ഒരു തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെയാണ് ഒരിക്കൽകൂടി മഹല്ല് കമ്മിറ്റിക്ക് മഹല്ല് പരിപാലനത്തിന്റെ സാരഥ്യം ഏറ്റെടുക്കാൻ നാഥൻ അംഗീകാരം നൽകിയത്. മഹല്ലിന്റെ വികസന കാഴ്ചപ്പാടുകൾക്ക് അംഗങ്ങൾ തന്ന അംഗീകാരം അതിന്റെ കെട്ടുംമട്ടും വിടാതെ കാത്തുസൂക്ഷിക്കുന്നതിൽ കമ്മിറ്റി നീതി പുലർത്തിയിട്ടുണ്ടെന്നാണ് ഞങ്ങളുടെ വിശ്വാസം. തെരഞ്ഞെടുപ്പുകൾക്കപ്പുറമുള്ള പവിത്രമായ പരിപാലന കർത്തവ്യമാണത്. കമ്മിറ്റിക്ക് ഇതിൽ സ്വാർത്ഥ ചിന്തകളോ വ്യക്തിതാൽപര്യങ്ങളോ ഒന്നുമുണ്ടായിട്ടില്ലെന്നത് ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ മിഴിവേകിയിട്ടുണ്ടെന്നാണ് ഞങ്ങളുടെ വിശ്വാസം. നീതിയിലധിഷ്ഠിതമായ ഒരു ഭരണ സംവിധാനം സ്ഥാപിച്ചെടുക്കാനായി എന്നതും ഞങ്ങൾക്ക് ഏറെ ആത്മവിശ്വാസമുണ്ടാക്കുന്നതാണ്. രാജ്യത്ത് മുസ്‌ലിംങ്ങളുടെ ചിഹ്നമെന്ന നിലയ്ക്ക് ചേരമാൻ ജുമാമസ്ജിദ് അതിന്റെ സ്ഥാനം ഉറപ്പിക്കുന്നതിന് വേണ്ടിയുള്ള എല്ലാ ശ്രമങ്ങളും കമ്മറ്റിയുടെ പ്രവർത്തനകാലയളവിലെല്ലാം തന്നെ ഉണ്ടായിട്ടുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

ഒരു ബഹുസ്വര സമൂഹത്തിലെ അതീവപ്രാധാന്യമുള്ള മുസ്ലിം ജനവിഭാഗത്തിന്റെ ചരിത്രപ്രധാനമായ ജുമാ മസ്ജിദായ നമ്മുടെ പള്ളി മാതൃകാപരമായിരിക്കണമെന്ന കാലഘട്ടത്തിന്റെ ആവശ്യം മുറുകെ പിടിക്കാനും സർവ്വമത സാഹോദര്യത്തിന്റെ വിളനിലമെന്ന് സമൂഹം വിശേഷിപ്പിക്കാനുമുള്ള സത്യസന്ധമായ ശ്രമങ്ങളും കമ്മറ്റിയുടെ പ്രവർത്തനങ്ങൾ കൊണ്ടുണ്ടായിട്ടുണ്ട്.

മഹല്ലിലെ അംഗങ്ങൾക്കിടയിൽ ശാന്തി നിലനിർത്താനും നീതിക്ക് ഭംഗമേൽക്കാതെ അർഹരായവർക്ക് ലഭ്യമായ വിഭവങ്ങൾ വിഭജിച്ച് നൽകാനും ആത്മാർത്ഥമായി കമ്മറ്റി ശ്രമിച്ചിട്ടുള്ളതാണ്. വിമർശനങ്ങൾ അത് അർഹിക്കുന്ന ഗൗരവത്തിൽ പരിഗണിക്കാനും തീരുമാനങ്ങളിൽ പാളിച്ച സംഭവിച്ചിട്ടുണ്ടോ എന്ന് പലവട്ടം പരിശോധന നടത്തുന്നതിലും കമ്മറ്റി വീഴ്ച വരുത്തിയിട്ടില്ല. പ്രവർത്തനങ്ങളുടെ കാതൽ കാണുന്നവൻ കാരുണ്യവാനാണ്. അത് കൊണ്ട് തന്നെ പ്രവർത്തനങ്ങളിലെ സത്യസന്ധത കൊണ്ടും ആത്മാർത്ഥതകൊണ്ടും നമ്മെ സഹായിക്കുന്നതും അല്ലാഹുമാത്രമാണെന്ന ബോധമാണ് ഞങ്ങളുടെ പ്രവർത്തനങ്ങൾക്കുള്ള ഏകമൂലധനം. സത്യത്തെ മുറുകെ പിടിക്കാനും അസത്യപ്രചാരണങ്ങളെ തള്ളിക്കളയാനും മഹല്ല് അംഗങ്ങൾ കാണിക്കുന്ന ഹൃദയ വിശാലതയാണ് ഞങ്ങളുടെ കരുത്ത്. ഈ കരുത്തും, മൂലധനവുമാണ് മഹല്ല് കമ്മറ്റിയുടെ കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളുടെ പ്രവർത്തന മികവിന്റെ നിദാനം (അൽഹംദുലില്ലാഹ്).

റിപ്പോർട്ട് കാലയളവിൽ മഹല്ല് കമ്മറ്റിയുടെ 23 യോഗങ്ങളും 3 എക്സിക്യൂട്ടീവ് കമ്മറ്റി യോഗങ്ങളും ചേർന്നിട്ടുണ്ട്. മഹല്ല് കമ്മിറ്റിയുടെ വിശദമായ ചർച്ചകൾക്ക് ശേഷമാണ് എല്ലാ തീരുമാനങ്ങളും എടുത്തിട്ടുള്ളത്. കൂടാതെ പ്രതിമാസ സ്റ്റാഫ് യോഗങ്ങളും കൃത്യമായി തന്നെ ചേർന്നിട്ടുണ്ട്. റിപ്പോർട്ട് കാലയളവിൽ മദ്രസ്സ അഡ്വൈസറി കമ്മിറ്റിയുടെ 5 യോഗങ്ങളും മഹല്ല് കമ്മറ്റി വിളിച്ച് ചേർത്തിട്ടുണ്ട്. മഹല്ല് കമ്മിറ്റിയും സ്റ്റാഫ് കൗൺസിലും അഡ്വൈസറി കമ്മറ്റിയും പരസ്പര ചർച്ചകളും ബന്ധങ്ങളും നിലനിർത്തുന്നത് നമ്മുടെ മഹല്ലിനെ സംബന്ധിച്ചിടത്തോളം ആശാവഹമായ പുരോഗതിയാണ്. മദ്രസ്സ അഡ്വൈസറി കമ്മറ്റികളുടെ പ്രവർത്തനങ്ങൾ മഹല്ല് കമ്മറ്റിയെ സംബന്ധിച്ചിടത്തോളം ഏറെ സഹായകരമാണ്. മഹല്ലിന്റെ പരിപാടികളുടെ വിജയത്തിന് പ്രധാന കാരണങ്ങളിൽ ഒന്ന് അഡ്വൈസറി കമ്മറ്റിയും മഹല്ല് കമ്മിറ്റിയും തമ്മിൽ നിലിനൽക്കുന്ന ഈ അഭേദ്യമായ ബന്ധമാണ്. തുടർന്നും വിടവുകളില്ലാതെ മഹല്ലിന് വേണ്ടി ഈ കൂട്ടായ്മ നിലനിൽക്കാൻ നമുക്ക് ദുആ ചെയ്യാം.

ചുറ്റുപാടുമുള്ള സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങൾ മഹല്ലിന്റേതായ സാന്നിദ്ധ്യം ഉണ്ടാകുന്നതിനും അങ്ങനെ വർത്തമാന കാലഘട്ടത്തിൽ പള്ളിയുടെ പങ്ക് നിലനിർത്താനും കമ്മിറ്റി കൂടുതൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

## മഹല്ലിലെ മദ്രസ്സകൾ

### 1. മസ്ജിദ് സ്കൂൾ & മദ്രസ്സ വി.പി. തുരുത്ത്

മഹല്ലിന് കീഴിൽ ശ്രദ്ധേയമായ പ്രവർത്തനം നടക്കുന്ന മദ്രസ്സകളിൽ ഒന്നാണ് വി.പി. തുരുത്ത് മദ്രസ്സ. 29 വിദ്യാർത്ഥികൾ പഠനം നടത്തുന്ന ഇവിടെ ഇമാമത്ത് ചുമതലയുള്ള ഒരു അധ്യാപകൻ ഉൾപ്പെടെ രണ്ട് അധ്യാപകർ സേവനം അനുഷ്ഠിക്കുന്നു. മസ്ജിദിന് മുകളിൽ മദ്രസ്സ നിർമ്മിക്കണമെന്ന പൊതുയോഗ തീരുമാനപ്രകാരം കഴിഞ്ഞ വർഷം പുതിയ മദ്രസ്സ സൗകര്യപ്രദമായ രീതിയിൽ പണി പൂർത്തീകരിച്ചിട്ടുള്ളതാണ്. മഹല്ലിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ കൂടുതൽ ഭൂമിയുള്ളതും സൗകര്യപ്രദമായതും വി.പി.തുരുത്ത് മസ്ജിദ് & മദ്രസ്സയാണ്. ടി മദ്രസ്സയുടെ ഭാഗമായി ഒഴിഞ്ഞ് കിടക്കുന്ന ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി മഹല്ലിന് സ്ഥിരമായ വരുമാനമുണ്ടാക്കാൻ കഴിയുന്നതാണ്.

### 2. ജന്നത്തുൽ ഉലൂം മദ്രസ്സ, കോട്ടപ്പുറം

ഇമാമത്ത് ചുമതലയുള്ള അധ്യാപകനുൾപ്പെടെ രണ്ട് അധ്യാപകർ ജോലി ചെയ്യുന്ന ഈ മദ്രസ്സയിൽ 39 കുട്ടികളാണ് പഠനം നടത്തുന്നത്. പഠന മികവിലും മറ്റും ഈ മദ്രസ്സ കാര്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. മുസ്രിസ് പൈതൃക പദ്ധതി പ്രദേശത്തോട് ചേർന്ന് കായലോരത്ത് 10 സെന്റ് ഭൂമി ഈ മദ്രസ്സക്കുണ്ട്. മദ്രസ്സ പ്രവർത്തിച്ചിരുന്ന പഴയ കെട്ടിടങ്ങളിൽ ഒരു ഭാഗം വാടകക്ക് നൽകിയിരിക്കുകയാണെങ്കിലും കാലപ്പഴക്കത്താൽ തകർച്ചയിലാണ്. പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി വ്യാപാര സമുച്ചയം നിർമ്മിച്ചാൽ മഹല്ലിന് എക്കാലത്തും ഇതൊരു ധനാഗമന മാർഗ്ഗമായിരിക്കും.

### 3. നൂറുൽ ഇസ്ലാം മദ്രസ്സ, അഞ്ചപ്പാലം

90 വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനമാണ് അഞ്ചപ്പാലം മദ്രസ്സ. നമസ്ക്കാരത്തിന് പരിസരവാസികളുടെ സജീവ സാന്നിദ്ധ്യവുമുണ്ട്. മദ്രസ്സ കെട്ടിട സൗകര്യങ്ങൾ തൃപ്തികരമാണെങ്കിലും പള്ളിയുടെ സ്ഥലപരിമിതി ഏറെയാണ്. പള്ളിയുടെ വിപുലീകരണത്തി

നുള്ള പദ്ധതികൾ പൊതുയോഗ തീരുമാനപ്രകാരമുള്ളത് മഹല്ല് കമ്മറ്റിയുടെ പരിഗണന യിലുണ്ടെങ്കിലും സ്ഥലം വാങ്ങുന്നതിനുള്ള നിർദ്ദേശത്തിന് പ്രത്യേക പരിഗണന നൽകി യതിനാൽ ആയത് വൈകിപ്പിക്കുകയായിരുന്നു. ടി മസ്ജിദിന്റെ വികസനത്തിന് 2017-2018 സാമ്പത്തിക വർഷത്തിൽ മുന്തിയ പരിഗണന നൽകണമെന്നാണ് കമ്മിറ്റി തീരുമാനിച്ചി ട്ടുള്ളത്. സ്ഥലം വാങ്ങുന്നതിനുള്ള അനുമതിക്കായി പൊതുയോഗത്തിന് മഹല്ല് കമ്മറ്റി ശുപാർശ സമർപ്പിക്കുന്നുണ്ട്. 4 അധ്യാപകരും ഒരു അനധ്യാപകനും ജോലി ചെയ്യുന്ന സ്ഥാപനം തൃപ്തികരമായി തന്നെ പ്രവർത്തിച്ച് വരുന്നുണ്ട്.

## 4. ഖിള്ർ മസ്ജിദ് & മദ്രസ്സ, ടി.കെ.എസ്. പുരം

സ്ഥല പരിമിതിമൂലം വീർപ്പ് മുട്ടുന്ന മറ്റൊരു സ്ഥാപനമാണ് ടി.കെ.എസ്. പുരം മദ്രസ്സ. സ്ഥലം വാങ്ങുന്നതിനുള്ള ശുപാർശ മഹല്ല് പൊതുയോഗത്തിൽ സമർപ്പിക്കാൻ കമ്മിറ്റി ആലോചിച്ചിരുന്നതും സ്ഥല ഉടമയുമായി ആശയവിനിമയം നടത്തുകയും ചെയ്തിരു ന്നെങ്കിലും മഹല്ലിന് അനുഗുണമായ രീതിയിൽ ആയത് ലഭിക്കില്ലെന്ന് ബോധ്യമായതി നാൽ തുടർ നടപടികളുമായി മുന്നോട്ട് പോകുവാൻ കഴിഞ്ഞിട്ടില്ല. ഇൻശാ അല്ലാഹ് മഹ ല്ലിന്റെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്ന രീതിയിലുള്ള നിർദ്ദേശങ്ങൾ ഉണ്ടായാൽ ടി.കെ. എസ്.പുരം മസ്ജിദ് വിപുലീകരണത്തിന് സ്ഥലം വാങ്ങാനുള്ള അനുമതി പൊതുയോഗ ത്തിൽ നിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ആയത് സാധ്യമായില്ലെങ്കിൽ മസ്ജി ദിന് മുകളിൽ തന്നെ ഷീറ്റ് വർക്ക് ചെയ്ത് മദ്രസ്സയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും കമ്മറ്റി തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള സൗകര്യങ്ങളിൽ തന്നെ പള്ളി വിപുലീകരിക്കാ നുള്ള നിർദ്ദേശവും മഹല്ല് കമ്മറ്റിയുടെ മുൻപാകെയുണ്ടെങ്കിലും സൗകര്യകുറവ് ഏറെ യുള്ള ഈ സ്ഥാപനത്തിനെ കൂടുതൽ ബുദ്ധിമുട്ടിലാക്കുമെന്ന ആശങ്കയുണ്ട്. ഇമാമത്ത് ചുമതലയുള്ള ഒരാൾ ഉൾപ്പെടെ മൂന്ന് അധ്യാപകരാണ് ടി.കെ.എസ്.പുരം മസ്ജിദിൽ ജോലി ചെയ്യുന്നത്. 47 വിദ്യാർത്ഥികളും ഇവിടെ പഠനം നടത്തുന്നുണ്ട്. കഴിഞ്ഞ അദ്ധ്യ യന വർഷത്തിൽ 5-ാം ക്ലാസ്സ് പൊതുപരീക്ഷയിൽ മഹല്ലിൽ ഉയർന്ന മാർക്ക് വാങ്ങിയത് ഈ മദ്രസ്സയിലെ വിദ്യാർത്ഥിയാണ്. മദ്രസ്സ പ്രവർത്തനങ്ങൾ തൃപ്തികരമായി തന്നെ യാണ് ഇവിടെ നടക്കുന്നത്.

## 5. നജാത്തുൽ ഇസ്ലാം മദ്രസ്സ, കടുക്കച്ചുവട്

2 അദ്ധ്യാപകരും 35 വിദ്യാർത്ഥികളുമാണ് ഈ മദ്രസ്സയിലുള്ളത്. സ്ഥലപരിമിതികൊണ്ട് ബുദ്ധിമുട്ടുന്ന മദ്രസ്സ വിപുലീകരണത്തിന് സ്ഥലം വാങ്ങാൻ പൊതുയോഗം അനുമതി നൽകിയെങ്കിലും സാമ്പത്തിക പ്രതിസന്ധി മൂലം അത് വൈകുകയായിരുന്നു. ഇനിയും വൈകിയാൽ ഉപയോഗപ്രദമായ സ്ഥലങ്ങൾ ഇല്ലാതാകുമെന്നതിനാലാണ് ഈ റിപ്പോർട്ട് വർഷം തന്നെ മസ്ജിദിന് സമീപം മദ്രസ്സയുടെ വികസനത്തിനായി സ്ഥലം വാങ്ങിയത്. മുകൾവശം പ്രത്യേകം ഷീറ്റ് മേഞ്ഞ് ക്ലാസ്റൂമുകൾ തിരിച്ച് മദ്രസ്സയും താഴെ പള്ളിയു മായി പ്രവർത്തിച്ച് വരികയാണ്. പഠന കാര്യങ്ങളിൽ മെച്ചപ്പെട്ട അവസ്ഥ ഈ മദ്രസ്സക്കു ണ്ട്.

## 6. തബ്ശിറുൽ ഇസ്ലാം മദ്രസ്സ, ചേരമാൻ നഗർ

മൂന്ന് അധ്യാപകർ ജോലി ചെയ്യുന്ന തബ്ശിറുൽ ഇസ്ലാം മദ്രസ്സയിൽ 49 കുട്ടികളാണ് പഠിക്കുന്നത്. കേന്ദ്ര മദ്രസ്സ എന്ന നിലയിൽ മസ്ജിദ് കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന ഈ മദ്രസ്സയിൽ പൂർവ്വ വിദ്യാർത്ഥികളുടെ സജീവ സഹായങ്ങൾ ഉണ്ടെന്നുള്ളത് പ്രത്യേ കതയാണ്. പഠന കാര്യങ്ങളിൽ തബ്ശിറുൽ ഇസ്ലാം മദ്രസ്സ മികവ് പുലർത്തുന്നുണ്ട്.

### 7. ഹിദായത്തുൽ ഇസ്‌ലാം മദ്രസ്സ, ലോകമലേശ്വരം

സ്ഥല സൗകര്യങ്ങൾ പരിമിതമാണെങ്കിലും കെട്ടിട സൗകര്യങ്ങൾ ആവശ്യത്തിനുള്ള സ്ഥാപനമാണ് ലോകമലേശ്വരം മസ്ജിദ്. 36 കുട്ടികളും 2 അധ്യാപകരും ഇവിടെ ജോലി ചെയ്യുന്നുണ്ട്. പള്ളിയുടെ അവശേഷിക്കുന്ന പണികളും മുൻവശത്ത് ടൈൽവിരിക്കലും, വുളു ചെയ്യാനുള്ള സൗകര്യവും മുൻവശത്തേക്ക് മാറ്റിയതും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഈ റിപ്പോർട്ട് വർഷത്തിൽ ചെയ്തിട്ടുണ്ട്. പഠനനിലവാരത്തിൽ ഈ മദ്രസ്സയും മികച്ച നിലവാരം പുലർത്തുന്നുണ്ട്.

### 8. നൂറുൽ യഖീൻ മദ്രസ്സ, കാവിൽകടവ്

കാവിൽ കടവ് മസ്ജിദ് മഹല്ല് കമ്മറ്റി ഏറ്റെടുത്തിട്ട് ഏതാണ്ട് ഒരു വർഷം പൂർത്തിയായിട്ടുണ്ട്. 17 കുട്ടികൾ പഠിക്കുന്ന ഇവിടെ രണ്ട് അദ്ധ്യാപകരും ഒരു അനധ്യാപകനും ഉൾപ്പെടെ മൂന്ന് ജീവനക്കാരുണ്ട്. ടി മദ്രസ്സ നിർമ്മാണവുമായി ബന്ധപ്പെട്ട് 60,000 രൂപയുടെ ബാധ്യത മഹല്ല് കമ്മിറ്റി കൊടുത്ത് തീർത്തിട്ടുണ്ട്. നല്ലൊരു സംഖ്യ ടി മസ്ജിദ് നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രാദേശിക കമ്മിറ്റിക്ക് ബാധ്യത വന്നിട്ടുണ്ടെന്ന് മഹല്ല് കമ്മിറ്റിയെ ബോധ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് സംബന്ധിച്ച സമർപ്പിച്ചിട്ടുള്ള വരവ്-ചെലവ് കണക്ക് മതിയായ രേഖകളില്ലാത്തതിനാൽ ഓഡിറ്റ് അംഗീകരിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ ടി ബാധ്യതയെകുറിച്ച് മഹല്ല് പൊതുയോഗം തീരുമാനമെടുക്കേണ്ടതാണ്. മസ്ജിദ് മഹല്ല് ഏറ്റെടുത്തതിന് ശേഷം ആവശ്യമായ എല്ലാ കാര്യങ്ങളും വീഴ്ച കൂടാതെ നിർവ്വഹിച്ച് വരുന്നുണ്ട്. പള്ളിയിൽ പുതിയ കാർപ്പെറ്റ് വിരിക്കുകയും ശുദ്ധജല ശേഖരണത്തിന് പുതിയ വാട്ടർ ടാങ്ക് സ്ഥാപിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കാർപ്പെറ്റ് വിരിക്കുന്നതിനുള്ള സഹായം പള്ളിക്ക് സമീപത്ത് തന്നെയുള്ള വ്യാപാരിയാണ് ചെയ്ത് തന്നിട്ടുള്ളതെന്ന് ഈ അവസരത്തിൽ ഓർമ്മിക്കുന്നു. നാഥൻ അർഹിക്കുന്ന പ്രതിഫലം അദ്ദേഹത്തിന് നൽകട്ടെ... ആമീൻ. പള്ളിയുടെ വികസനത്തിനും വിദ്യാർത്ഥികളെ മദ്രസ്സകളിൽ എത്തിക്കുന്നതിനും പരിസരവാസികളുടെയും അഡ്വൈസറി കമ്മറ്റിയുടെയും ശ്രദ്ധ കൂടുതൽ ഉണ്ടാകേണ്ടതുണ്ട്.

### 9. സെക്കന്ററി മദ്രസ്സ

നീണ്ടകാലത്തെ കാത്തിരുപ്പിനും ചർച്ചകൾക്കുമൊടുവിൽ നമ്മുടെ മഹല്ലിൽ ഒരു സെക്കന്ററി മദ്രസ്സ പ്രവർത്തനമാരംഭിച്ചു എന്നതാണ് മറ്റെന്തിനേക്കാളുമുപരിയായി നമ്മുടെ മഹല്ലിന്റെ നേട്ടമായി മഹല്ല് കമ്മിറ്റി കണക്കാക്കുന്നത്. മൂന്ന് വർഷമായുള്ള ചർച്ചകൾ പലവട്ടം വഴിമുട്ടിയപ്പോൾ ആശങ്കകൾക്ക് അറുതി വരുത്തി ദീനിവിദ്യാഭ്യാസ രംഗത്ത് നമ്മുടെ പിന്നോക്കാവസ്ഥക്ക് പരിഹാരമായി 2016 ആഗസ്റ്റ് മാസം നമ്മുടെ മഹല്ലിൽ കേന്ദ്രമദ്രസ്സയായ തബ്ശീറുൽ ഇസ്‌ലാം മദ്രസ്സയിൽ സെക്കന്ററി മദ്രസ്സയുടെ പ്രവർത്തനം ആരംഭിച്ചു. സെക്കന്ററി മദ്രസ്സയുടെ പ്രവർത്തനത്തോടെ ശൂന്യതയിൽ നിന്നും തുടങ്ങിയ നമ്മുടെ ദീനി വിദ്യാഭ്യാസം പുഷ്കലമാകുന്നതിന്റെ ദൃശ്യങ്ങൾ നമുക്ക് കാണാനായി. 18 പെൺകുട്ടികളും 22 ആൺകുട്ടികളുമായി മഹല്ല് ഇമാം പ്രിൻസിപ്പലായുള്ള സെക്കന്ററി മദ്രസ്സ മഗ്‌രിബിന് ശേഷമാണ് പ്രവർത്തിക്കുന്നത്. സെക്കന്ററി മദ്രസ്സയുടെ പ്രവർത്തനം ആരംഭിച്ചത് നമ്മുടെ വിപുലമായ സ്വപ്നങ്ങളുടെ പൂർത്തീകരണത്തിന്റെ ചെറിയ തുടക്കമാണെന്ന് കമ്മിറ്റി പ്രതീക്ഷിക്കുന്നു. മഗ്‌രിബിന് ശേഷം മക്കളെ ക്ലാസുകളിലേക്കയക്കാൻ പ്രത്യേകിച്ച് പെൺകുട്ടികളെ അയക്കാൻ രക്ഷിതാക്കൾ കാണിച്ച ഉൽസാഹം മാതൃകാപരമാണ്. മഹല്ല് കമ്മിറ്റിയുടെ നേതൃത്വത്തിൽ അഡ്വൈസറി കമ്മറ്റി അംഗങ്ങൾ ഓരോ

വീടും കയറിയിറങ്ങി കുട്ടികളെ ക്ലാസിലേക്കെത്തിക്കാൻ നടത്തിയ ശ്രമങ്ങൾ വൃഥാവിലായില്ല എന്നത് കാലം തെളിയിച്ചു. ഇൻശാ അല്ലാ അടുത്ത അദ്ധ്യയന വർഷം മുതൽ ഹയർ സെക്കന്ററി മദ്രസ്സയായി നമ്മുടെ മദ്രസ്സ മാറുമെന്നതും സാന്ദർഭികമായി ഉണർത്തട്ടെ. ഓരോ മദ്രസ്സയിലേയും 7-ാം ക്ലാസ് കഴിഞ്ഞ കുട്ടികളെയാണ് 8 മുതലുള്ള ക്ലാസ്സുകളിൽ പ്രവേശനം നൽകുന്നത്. മഹല്ലിന്റെ ഇതര മദ്രസ്സകളിൽ പ്രവർത്തനം 7-ാം ക്ലാസ് വരെയായി ചുരുക്കുകയും 8 മുതലുള്ള ക്ലാസുകൾ കേന്ദ്ര മദ്രസ്സയായ തബ്ശീറുൽ ഇസ്‌ലാം മദ്രസ്സയിൽ ആരംഭിക്കുകയുമായിരുന്നു. കുട്ടികളെ ക്ലാസിലേക്കെത്തിക്കാൻ വലിയൊരു സംഖ്യ ഓട്ടോറിക്ഷാ ചാർജ്ജ് ഇനത്തിൽ ചെലവാണെങ്കിലും സാവകാശം ഇത് ഒഴിവാക്കാനും കുട്ടികളുടെ ദീനി വിദ്യാഭ്യാസത്തിന്റെ ഉൽകൃഷ്ഠത ബോധ്യപ്പെട്ട രക്ഷിതാക്കൾ അവരെ മദ്രസ്സയിൽ സ്വന്തം ചെലവിലും മേൽനോട്ടത്തിലും എത്തിക്കുമെന്നാണ് കമ്മറ്റി പ്രതീക്ഷിക്കുന്നത്. ഓട്ടോറിക്ഷാ ചാർജ്ജിനത്തിലെ ചെലവുകൾ സംബന്ധിച്ച് ഓഡിറ്റ് പരാമർശനമുണ്ടെങ്കിലും മറ്റു മാർഗ്ഗങ്ങൾ ഇല്ലാത്തതിനാലാണ് ഈ ചെലവ് മഹല്ല് വഹിക്കുന്നതെന്നും അറിയിക്കട്ടെ.

## മദ്രസ്സ പ്രവർത്തനങ്ങൾ അവലോകനം

8 മദ്രസ്സകളും 19 അധ്യാപകരും മൂന്ന് അനദ്ധ്യാപകരും 342 കുട്ടികളുമാണ് നമ്മുടെ മഹല്ലിലുള്ളത്. 1862 കുടുംബങ്ങളുള്ള അതിബൃഹത്തായ ഈ മഹല്ലിൽ, മദ്രസ്സകളിൽ എത്തപ്പെടുന്ന കുട്ടികളുടെ എണ്ണം 18.36% മാത്രമാണ് എന്ന പരിതാപകരമായ അവസ്ഥ പറയാതിരിക്കാൻ വയ്യ. മദ്രസ്സയിൽ കൊഴിഞ്ഞു പോയവരും 7-ാം ക്ലാസ് കഴിഞ്ഞ ഉപരി പഠനത്തിൽ താൽപര്യമില്ലാത്തവരെയും മഹല്ല് അഡ്വൈസറി കമ്മിറ്റികൾ വീടുകളിൽ ചെന്ന് മദ്രസ്സകളിലേക്കെത്തിക്കാനുള്ള ശ്രമങ്ങൾ നടത്തിയെങ്കിലും ഫലമുണ്ടായില്ല. പൊതു പരീക്ഷകൾ പാസാകാതെ പഠനം മുറിഞ്ഞ്പോയ കുട്ടികളെ അവരുടെ താല്പര്യമനുസരിച്ച് ഉയർന്ന ക്ലാസ്സുകളിൽ പ്രവേശനം നൽകാൻ സമസ്തയിൽ നിന്നും പ്രത്യേക അനുമതിയോടെ പ്രവേശന പരീക്ഷക്കുള്ള അനുമതി സമ്പാദിച്ചിട്ടുപോലും അതുപയോഗപ്പെടുത്താൻ മഹല്ലിലെ മക്കൾക്കും രക്ഷിതാക്കൾക്കും ആയില്ല എന്നത് ഖേദകരമാണ്.

മഹല്ലിലെ മദ്രസ്സകൾ പഠന മികവിലും പാഠ്യേതര കാര്യങ്ങളിലും കുട്ടികൾക്ക് ആവശ്യമായ എല്ലാ പിന്തുണയും നൽകി വരുന്നുണ്ട്. കഴിഞ്ഞ് 10 വർഷങ്ങൾക്കിടയിൽ രണ്ട് അധ്യാപകർ മാത്രമേ നമ്മുടെ മദ്രസ്സകളിൽ നിന്നും മാറിയിട്ടുള്ളു. അധ്യാപകർക്ക് നൽകുന്ന പിന്തുണയും വർത്തമാനകാലഘട്ടത്തിൽ അവരുടെ ജീവിതത്തിനാവശ്യമായ തോതിലുള്ള ശമ്പളവും മഹല്ലിൽ നിന്നും നൽകുന്നുണ്ട്. അത്കൊണ്ട് തന്നെ ദീനി സേവനരംഗത്ത് മുതൽകൂട്ടാവുന്ന ഒരു അധ്യാപക സമ്പത്തും ഈ മഹല്ലിനുണ്ട്. മദ്രസ്സ പ്രവേശനോത്സവവും, മുഅല്ലിം ദിനാചരണവും, കുടിവെള്ള സംരക്ഷണദിനാചരണം പോലുള്ള സാമൂഹ്യ പ്രവർത്തനങ്ങളും സംഘടിപ്പിച്ച് നമ്മുടെ മദ്രസ്സകൾ സമൂഹത്തിൽ മാതൃകയാകുമ്പോൾ അവിടേക്ക് മക്കളെ അയക്കാനുള്ള മാനസിക വികാസമില്ലാതെ നമ്മുടെ രക്ഷിതാക്കൾ നമ്മുടെ മഹല്ലിൽ ദീനി വിദ്യാഭ്യാസത്തിന്റെ പോരായ്മയെ കുറിച്ച് വേവലാതിപ്പെടുന്നത് പരിതാപരകരമാണ്.

ഇൻശാ അല്ലാ, ഹയർസെക്കന്ററി മദ്രസ്സ പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ പഠനം കഴിയുമ്പോൾ ഉന്നത പഠനത്തിന് നമ്മുടെ മഹല്ലിൽ ചുരുങ്ങിയ തോതിലാണെങ്കിലും ഒരു അറബി കോളേജ് ഉണ്ടാകണമെന്നാണ് കമ്മറ്റി ലക്ഷ്യമിടുന്നത്. അതിനുള്ള മനസ്സും ഊർജ്ജവും ഇഛാശക്തിയും തമ്പുരാനിൽനിന്നും ലഭിക്കട്ടെയെന്ന് ദുആ ചെയ്യുന്നു.

## കടുക്കച്ചുവട് മസ്ജിദ് വസ്തു വാങ്ങിയത്

നീണ്ടനാളുകളായുള്ള അപേക്ഷകളും ആവശ്യങ്ങളുമാണ് കടുക്കച്ചുവട് മസ്ജിദ് & മദ്രസ്സയുടെ വികസനം. റോഡിനോട് ചേർന്ന് നിൽക്കുന്ന മദ്രസ്സയും പള്ളിയും വികസന സാധ്യതകൾ തെല്ലുമില്ലാതെ ശ്വാസംമുട്ടി നിൽക്കുന്നതിന് ഏതാണ്ട് ആറ് പതിറ്റാണ്ടോളം പഴക്കമുണ്ട്. ഈ ദുസ്ഥിതി പരിഹരിക്കുന്നത് പല പൊതുയോഗങ്ങളും മദ്രസ്സ വികസനത്തിന് വസ്തുവാങ്ങാൻ തീരുമാനിച്ചിരുന്നതും മഹല്ല് മോണിറ്ററിംഗ് കമ്മിറ്റി പൊതുയോഗ തീരുമാനം നടപ്പിലാക്കൽ സംബന്ധിച്ച് അതിന്റെ റിപ്പോർട്ടിൽ സൂചന നൽകിയിരുന്നതുമാണ്. പള്ളിയോട് ചേർന്ന് തന്നെ സ്ഥലം വാങ്ങി വികസനം നടപ്പിലാക്കണമെന്നാണ് കമ്മിറ്റി തീരുമാനിച്ചിരുന്നതെങ്കിലും അതിനുള്ള സാഹചര്യം ഒട്ടും നിലവിലില്ലാത്തതിനാൽ പള്ളിയുടെ തെക്ക്വശം റോഡിനോട് ചേർന്ന് 4.5 സെന്റ് ഭൂമിയും കെട്ടിടവും വാങ്ങുകയായിരുന്നു. ടി വസ്തുവിലുള്ള കെട്ടിടത്തിലെ മുറികൾ വാടകക്ക് നൽകുന്ന ഇനത്തിൽ 4,250/-രൂപ മഹല്ലിന് പ്രതിമാസ വാടകയും 2017 ഏപ്രിൽ മുതൽ ലഭിച്ച് തുടങ്ങും. കഴിഞ്ഞ 24 വർഷത്തിന് ശേഷമാണ് നമ്മുടെ മഹല്ല് ഒരു വസ്തു സ്വന്തമായി വാങ്ങുന്നത് എന്ന പ്രത്യേകതയും ഇതിനുണ്ട്.

## ക്ഷേമപ്രവർത്തനങ്ങൾ

നമ്മുടെ മഹല്ലിൽ നിന്നും കാലങ്ങളായി നൽകി വരുന്ന ചികിത്സ, പുരപണി, പഠനസഹായം, വാർദ്ധക്യകാല പെൻഷൻ, വിവാഹ സഹായം തുടങ്ങിയ എല്ലാ സഹായങ്ങളും ഈ വർഷത്തിലും മഹല്ല് കമ്മിറ്റി നൽകിയിട്ടുണ്ട്. അപേക്ഷകരുടെ അർഹത ബോധ്യപ്പെട്ട് അഡ്വൈസറി കമ്മറ്റി സെക്രട്ടറി കൂടിയായ പ്രാദേശിക ഇമാമിന്റെ ശുപാർശയും മഹല്ല് കമ്മറ്റി അംഗത്തിന്റെ റിപ്പോർട്ടും ധന സഹായങ്ങൾക്കുള്ള അപേക്ഷയിൽ കർശനമാക്കിയിട്ടുണ്ട്. ചികിത്സാ സഹായം ഇനത്തിൽ 1,39,750/- രൂപയും, പുരപണി 1,31,200/-, പഠനസഹായം 3,30,870/- കയും, വിവാഹ സഹായമായി 1,00,000 രൂപയും, പെൻഷൻ ഇനത്തിൽ 1,82,700/- രൂപയും റിപ്പോർട്ട് വർഷത്തിൽ ചെലവ് ചെയ്തിട്ടുണ്ട്. പെൻഷൻ ഇനത്തിൽ 2700/ ക.യും പഠന സഹായമായി 30870/-ക.യും, പുരപണിക്ക് 31,200/- ക.യും 2016-17ലെ പ്രതീക്ഷിച്ച ചെലവിനേക്കാൾ അധികമായിട്ടുണ്ട്. സെക്കന്ററി മദ്രസ്സയുടെ അധികരിച്ച പ്രവർത്തന ചെലവാണ് പഠനസഹായത്തിന്റെ വർദ്ധനവിന് കാരണമെങ്കിൽ മഹല്ലിലെ നിർദ്ധനരായ അംഗങ്ങൾക്ക് സർക്കാർ അനുവദിച്ച ഭവനനിർമ്മാണ പദ്ധതിയുടെ അടിസ്ഥാന നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് കമ്മിറ്റിക്ക് അടിയന്തിരമായി അനുവദിക്കേണ്ടി വന്ന ധനസഹായം കാരണമാണ് പുരപണി സഹായം ഇനത്തിൽ ചെലവ് വർദ്ധിക്കാൻ കാരണമായത്.

മഹല്ല് അംഗങ്ങൾക്ക് സർക്കാരിൽ നിന്നും ലഭിക്കേണ്ട ന്യായമായ അവകാശങ്ങൾക്കായി സർക്കാർ ഉത്തരവുകൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താനും ആയതിന്റെ കടലാസ് പ്രവർത്തനങ്ങൾ ചെയ്തുകൊടുക്കാനും മഹല്ല് കമ്മിറ്റി ശ്രദ്ധിച്ചിട്ടുണ്ട്. സർക്കാരിൽ നിന്നും സൗജന്യഭൂമി ലഭിക്കുന്നതിന് മഹല്ലിലെ 9 പേർക്കുള്ള നിവേദനം കമ്മറ്റി മുഖാന്തിരം നൽകിയിട്ടുള്ളതാണ്. ന്യൂനപക്ഷക്ഷേമവകുപ്പ് വിധവകൾക്ക് നൽകുന്ന ഭവന സഹായത്തിന് മഹല്ല് കമ്മറ്റിയുടെ ശ്രമഫലമായി നമ്മുടെ മഹല്ലിലെ രണ്ട് പേർക്ക് ഫണ്ട് അനുവദിച്ചിട്ടുള്ളതും ഒരു പുരയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തദ്ദേശഭരണ സംവിധാനങ്ങൾ വഴി നടപ്പിലാക്കുന്ന ഭവനസഹായ പദ്ധതികൾ നമ്മുടെ അംഗങ്ങൾക്ക് ലഭിക്കുന്നതിനുള്ള ഗൗരവമായ ബോധവൽക്കരണവും കമ്മറ്റി നടത്തുന്നുണ്ട്. മഹല്ലിന്റെ സക്കാത്ത് ഫണ്ടിലെ ബാലൻസ് സംഖ്യ, വുളുഹിയത്ത് എല്ല് തുകൽ

വിൽപ്പനയിലെ സംഖ്യ എന്നിവ ഉപയോഗിച്ചും മൂന്ന് വീടുകൾക്കുള്ള ധനസഹായം മഹല്ല് കമ്മറ്റി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ മഹല്ലിന്റെ അഭ്യുദയകാംക്ഷികളോടുള്ള ശുപാർശ യുടെ അടിസ്ഥാനത്തിലും പുരനിർമ്മാണത്തിനുള്ള സഹായഫണ്ട് അർഹതപ്പെട്ടവർക്ക് എത്തിച്ചുകൊടുക്കാൻ മഹല്ല് കമ്മറ്റിക്കായിട്ടുണ്ട്. പുരപണിക്ക് വഴിയില്ലാതെ ദുരിതമനുഭ വിക്കുന്നവർക്ക് മറ്റെന്തിനേക്കാളുപരിയായുള്ള പരിഗണന നൽകണമെന്നതും, നമ്മുടെ മഹല്ലിൽ പുരകെട്ടിമേയൽ ഒഴിവാക്കണമെന്ന നിശ്ചയദാർഢ്യത്തിന്റെ അടിസ്ഥാനത്തി ലും, ചുരുങ്ങിയത് മൂന്ന് സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള നിർദ്ദനർക്ക് സർക്കാർ സഹായത്തിനൊപ്പം അടിസ്ഥാന പ്രവർത്തികൾക്കുള്ള സഹായം ലഭ്യമാക്കണമെന്ന തിന്റെയും അടിസ്ഥാനത്തിൽ വെള്ളിയാഴ്ച ഭവന നിർമ്മാണത്തിനുള്ള ബക്കറ്റ് കളക്ഷൻ നടത്തിവരുന്നുണ്ട്. സമൂഹവിവാഹഫണ്ടിൽ ആവശ്യമായ നീക്കിയിരിപ്പ് സംഖ്യ ഉള്ളതി നാലും ആയതിന്റെ ബക്കറ്റ് കളക്ഷൻ തൽക്കാലം നിർത്തുകയും പകരം ഭവനനിർമ്മാണ സഹായ ഫണ്ട് സ്വരൂപിക്കുന്നതിനുള്ള കളക്ഷൻ തുടങ്ങുകയും ചെയ്തിട്ടുണ്ട്. ഇൻശാ അല്ലാ ഈ ഫണ്ടും മഹല്ല് വകയിരുത്തുന്ന ഭവനനിർമ്മാണഫണ്ടും മറ്റും ഉപയോഗപ്പെ ടുത്തി 2017-18 സാമ്പത്തിക വർഷത്തിൽ വിപുലമായ സംവിധാനം ഒരുക്കണമെന്നാണ് കമ്മറ്റി ആഗ്രഹിക്കുന്നത്. ആയതിനുള്ള മറ്റു ഫണ്ടുകൾ കണ്ടെത്തുന്നതിനുള്ള ചർച്ചയും നിർദ്ദേശങ്ങളും പൊതുയോഗത്തിൽ നിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

സർക്കാർ സഹായം ഒരു കാരണവശാലും ലഭിക്കില്ലെന്ന് ബോദ്ധ്യമായ പുറമ്പോക്കിൽ തനിച്ച് താമസിക്കുന്ന ഒരു വിധവയുടെ പുരയുടെ പണിയും ഈ റിപ്പോർട്ട് വർഷത്തിൽ ചെയ്തുകൊടുക്കാനായതിൽ കമ്മറ്റിക്ക് അതിരറ്റ സംതൃപ്തിയുണ്ട്. ഈ പുരയുടെ പണിക്ക് നിർമ്മാണ സാമഗ്രികൾ തന്ന് സഹായിച്ചവർക്കും ഈ വിധവയുടെ ദൈന്യത മഹല്ല് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയവർക്കും, ഇതിനോട് സഹകരിച്ച തൊഴിലാളികൾക്കും നാഥൻ അർഹമായ പ്രതിഫലം നൽകട്ടെയെന്ന് ദുആ ചെയ്യുന്നു.

മഹല്ലിന്റെ ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി ഹെൽത്ത് കെയർ ഇൻസ്റ്റിറ്റ്യൂട്ടിൽ നൽകിവരുന്ന പ്രതിമാസ സഹായത്തിന് പുറമെ കൊടുങ്ങല്ലൂർ നഗരസഭ കൗൺസി ലിന്റെ അഭ്യർത്ഥന പ്രകാരം താലൂക്ക് ആശുപത്രിയിൽ ആരംഭിച്ചിട്ടുള്ള പുതിയ ഡയാലി സിസ് സെന്ററിന് പ്രതിമാസ സഹായം നൽകിവരുന്നുണ്ട്. നമ്മുടെ സഹായം ഇതര സ്ഥാപനങ്ങൾക്ക് മാതൃകയാണെന്ന സമൂഹമാധ്യമങ്ങളുടെ അഭിപ്രായം നമ്മുടെ സാമൂ ഹ്യ ഇടപെടലുകളുടെ അംഗീകാരമായിരുന്നു.

നമ്മുടെ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി റിപ്പോർട്ട് വർഷത്തിൽ 4 വെള്ളിയാ ഴ്ചകളിൽ ബക്കറ്റ് പിരിവ് നടത്തിയിട്ടുണ്ട്. ഓട്ടോറിക്ഷ ഡ്രൈവറായ ശശി വാഹനാപക ടത്തെ തുടർന്ന് അതീവ ഗുരുതരാവസ്ഥയിലായപ്പോഴും, മേത്തലയിൽ താമസിക്കുന്ന അനിലും മകൻ ആദിത്യയും ബൈപ്പാസിൽ അപകടത്തിനിരയായപ്പോഴും നമ്മുടെ അംഗ ങ്ങൾ നൽകിയ മനസ്സറിഞ്ഞ പ്രാർത്ഥനയും സഹായങ്ങളും അപകടത്തിൽപ്പെട്ട സഹോ ദരങ്ങളുടെ ജീവൻ നിലനിർത്തുന്നതിനുള്ള കാരണമായി. സഹപാഠിക്കൊരു വീട് പദ്ധതി ഏറ്റെടുത്ത ഗവ. ബോയ്സ് ഹൈസ്ക്കൂൾ NSS വിദ്യാർത്ഥികൾ, സ്കൂൾ പി.റ്റി.എ.യോ ടുള്ള മഹല്ല് കമ്മറ്റിയുടെ ശുപാർശയുടെ ഫലമായി നമ്മുടെ മഹല്ലിലെ കുട്ടികൾക്കാണ് അതിന്റെ നേട്ടം ലഭിച്ചതെന്ന് സാന്ദർഭികമായി പറയട്ടെ. ഈ പദ്ധതിയിലേക്കും വെള്ളി യാഴ്ച നമ്മൾ ബക്കറ്റ് കളക്ഷൻ നടത്തുകയും ഗവ. എച്ച്.എസ്.എസ്. സ്കൂൾ നടത്തിയ ചരിത്ര യജ്ഞത്തിന് നമുക്ക് കൂടി പങ്കാളികളാകാനും കഴിഞ്ഞു. കൂടാതെ മഹല്ല് കമ്മറ്റി യുടെ സ്വാധീനമുപയോഗിച്ച് മറ്റ് പിരിവുകളും ഈ വീടൊരുക്കുന്നതിന് സ്വരൂപിച്ച് നൽകു വാനായതിൽ ഞങ്ങൾ സർവ്വലോക രക്ഷിതാവിനെ സ്തുതിക്കുന്നു. നമ്മുടെ മഹല്ലിലെ

മിടുക്കരായ നിർദ്ധന വിദ്യാർത്ഥികളെ ഈ പദ്ധതിക്ക് തെരഞ്ഞെടുത്ത ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ പി.ടി.എ. കമ്മിറ്റിയോടുള്ള നന്ദിയും ഈ അവസരത്തിൽ അറിയിക്കുന്നു.

## സമൂഹവിവാഹം

8 പെൺകുട്ടികളുടെ വിവാഹം കൂടി റിപ്പോർട്ട് വർഷത്തിൽ സമൂഹവിവാഹ പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിയിട്ടുണ്ട്. 1991 ൽ ആരംഭിക്കുകയും 2001 മുതൽ തുടർച്ചയായി സംഘടിപ്പിക്കപ്പെട്ടുവരുന്നതുമായ സമൂഹവിവാഹ പദ്ധതി പ്രകാരം ഇപ്പോൾ 131 കുട്ടികളുടെ വിവാഹം നടത്തിക്കൊടുത്തിട്ടുണ്ട്. സമൂഹവിവാഹ പദ്ധതിയിൽ നിന്നും 33 ലക്ഷം രൂപ കടമെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചിട്ടുണ്ട്. ടി സംഖ്യയിൽ റിപ്പോർട്ട് വർഷം 7 ലക്ഷം രൂപ മടക്കിനൽകിയിട്ടുണ്ട്. സമൂഹവിവാഹഫണ്ടിൽ ആവശ്യമായ നീക്കിയിരിപ്പ് ഉള്ളതിനാലും ഈ നീക്കിയിരിപ്പ് സംഖ്യ മഹല്ല് നിർമ്മാണപ്രവർത്തനങ്ങൾക്ക് അഡ്വാൻസായി ഉപയോഗിച്ചിട്ടുള്ളതിനാലും വിവാഹങ്ങൾ ഉറപ്പിക്കുന്ന മുറയ്ക്ക് മഹല്ല് ഫണ്ടിൽ നിന്നും തിരിച്ച് വാങ്ങാമെന്നതിനാൽ ബക്കറ്റ് കളക്ഷൻ നിർത്തിവച്ചിട്ടുള്ളതും പകരം ഭവന നിർമ്മാണത്തിനുള്ള ഫണ്ട് കളക്ഷൻ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സാമ്പത്തിക പ്രയാസംകൊണ്ട് വിവാഹ സ്വപ്നം മരീചികയാകുന്ന നമ്മുടെ സഹോദരിമാർക്ക് ചെറിയ തോതിലാണെങ്കിൽ പോലും ഈ സഹായം അൽപ്പമെങ്കിലും ആശ്വാസം നൽകുന്നുണ്ട്.

## വിവാഹപൂർവ്വ കൗൺസിലിംഗ് ക്ലാസ്സ്

വിവാഹപൂർവ്വകൗൺസിലിംഗ് റിപ്പോർട്ട് വർഷത്തെ 11 ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. ഈ ക്ലാസുകളിൽ 292 പേർ ആകെ പങ്കെടുത്തിട്ടുണ്ട്. ഇതര മഹല്ലിൽ നിന്നുള്ള കുട്ടികൾപോലും നമ്മുടെ കൗൺസിലിംഗ് ക്ലാസ് ഉപയോഗപ്പെടുത്തുന്നുണ്ട്. വൈവാഹിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കൗൺസിലറുടെ സേവനം മഹല്ല് ഉപയോഗപ്പെടുത്തുന്നുണ്ട്. വിവാഹമോചനങ്ങൾ നിരുത്സാഹപ്പെടുത്താനും കുടുംബപ്രശ്നങ്ങളിൽ സമവായമുണ്ടാക്കുന്നതിനുള്ള മനസ്സുകൾ രൂപപ്പെടുത്താനും നമ്മുടെ കുട്ടികൾക്ക് അവസരമുണ്ടായിട്ടുണ്ടെന്നതാണ് കൗൺസിലിംഗ് ക്ലാസ്സ്കൊണ്ട് നമുക്കുണ്ടായിട്ടുള്ള നേട്ടം. കൗൺസിലിംഗ് ക്ലാസ്സിൽ പങ്കെടുക്കുന്നതിനുള്ള വിമുഖതയും സൗകര്യക്കുറവും അപൂർവ്വം ചിലരിൽ നിന്നുണ്ടാകുന്നുണ്ടെങ്കിലും മഹല്ല് തീരുമാനങ്ങൾ ബോദ്ധ്യപ്പെടുത്തിയും ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുത്തും കൗൺസിലിംഗ് നൽകുന്നുണ്ട്. കൗൺസിലിങ്ങ് ക്ലാസ്സിന്റെ സിലബസ് പ്രകാരമുള്ള ലഘുലേഖ തയ്യാറാക്കി കുട്ടികൾക്ക് കൈപുസ്തകമായി സൂക്ഷിക്കുന്നതിനുള്ള ശ്രമങ്ങളും മഹല്ല് കമ്മറ്റി ആരംഭിച്ചിട്ടുണ്ട്. ചേരമാൻ ജുമാ മസ്ജിദ് നടത്തിവരുന്ന വിവാഹപൂർവ്വ കൗൺസിലിംഗ് ക്ലാസ് നമ്മുടെ സമുദായത്തെ സംബന്ധിച്ചിടത്തോളം വിപ്ലവകരമായിരുന്നു. അത് ഉൾക്കൊള്ളാനുള്ള മാനസികാവസ്ഥ നമ്മുടെ അംഗങ്ങൾക്കില്ല എന്ന വിമർശനത്തെ അതിജീവിക്കാനും ഇതര മഹല്ലുകളും സമുദായ സംഘടനകളും അത് ഏറ്റെടുക്കുന്നതും നമുക്ക് അഭിമാനിക്കാവുന്നതാണ്.

## പി.എസ്.സി. ജില്ലാ ട്രെയിനിംഗ് സെന്റർ

കേരള സർക്കാരിന്റെ ന്യൂനപക്ഷ ക്ഷേമവകുപ്പ് നമ്മുടെ മഹല്ലിൽ കഴിഞ്ഞ രണ്ട് വർഷമായി നടത്തിവന്നിരുന്ന പി.എസ്.സി. ട്രെയിനിങ്ങിന്റെ ജില്ലാ ഉപകേന്ദ്രം 2017 ജനുവരി മുതൽ ജില്ലാ കേന്ദ്രമാക്കി ഉയർത്തിയതും ഈ റിപ്പോർട്ട് വർഷത്തിൽ മഹല്ലിനുണ്ടായ പ്രധാന നേട്ടങ്ങളിലൊന്ന്. 130 ൽ പരം കുട്ടികൾ പഠിതാക്കളായുണ്ടായിരുന്ന നമ്മുടെ ഉപ

കേന്ദ്രം ജില്ലാ കേന്ദ്രത്തിന്റെ പദവിയിലേക്കുയർത്തുന്നതിനും ഞായറാഴ്ച മാത്രം പ്രവർത്തിച്ചിരുന്ന പരിശീലന ക്ലാസ്സുകൾ എല്ലാദിവസങ്ങളിലുമാക്കുന്നതിന് ടി കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിച്ച നാൾ മുതൽ കമ്മറ്റി ശ്രമിച്ചിരുന്നതും സർക്കാരിൽ ആവശ്യമായ നിവേദനം നൽകിയും നിരന്തര സമ്മർദ്ദം ചെലുത്തുകയുണ്ടായിരുന്നു. സംസ്ഥാന ന്യൂനപക്ഷ ക്ഷേമവകുപ്പ് മന്ത്രി ജ. കെ.ടി. ജലീൽ അവർകൾ പള്ളിയിലെത്തിയപ്പോൾ നമ്മുടെ ആവശ്യം അദ്ദേഹത്തെ നേരിൽ ബോധ്യപ്പെടുത്തുവാൻ കഴിഞ്ഞതിനാൽ അദ്ദേഹത്തിന്റെ പ്രത്യേക താൽപര്യപ്രകാരമാണ് മഹല്ലിന് അനുകൂലമായ തീരുമാനമുണ്ടായത്.

സംസ്ഥാന സർക്കാരിന്റെ ഒരു സ്ഥാപനം നമ്മുടെ മഹല്ലിൽ പ്രവർത്തിക്കുന്നുവെന്ന് മാത്രമല്ല നമ്മുടെ മഹല്ല് ഉൾപ്പെടെ പരിസര മഹല്ലുകളിലെ കുട്ടികൾക്ക് കൂടി ഏറെ ഉപകാരപ്പെടുന്നതാണ് സൗജന്യ പി.എസ്.സി. ട്രെയിനിംഗ് സെന്റർ. ഒരു രൂപ പോലും ഫീസ് കൊടുക്കാതെ ഉദ്യോഗാർത്ഥികൾക്ക് ഉപയോഗപ്പെടുത്താൻ കഴിയും എന്നതാണ് ഏറ്റവും ഗുണകരമാകുന്നത്. പ്രിൻസിപ്പാൾ ഉൾപ്പെടെ അഞ്ച് ജീവനക്കാരെ ഈ കേന്ദ്രത്തിൽ നിയമിച്ചിട്ടുണ്ട്. തബ്ശീറുൽ ഇസ്‌ലാം മദ്രസ്സയുടെ താഴത്തെ ഹാൾ ക്ലാസുകൾ നടത്തുന്നതിനും രണ്ട് ഓഫീസ് റൂമുകളും ടൈൽവിരിച്ച് മനോഹരമാക്കിയിട്ടുണ്ട്. ഈ കെട്ടിടത്തിൽ ഇപ്പോൾ കൂടാതെ മദ്രസ്സയുടെ മുറ്റവും ടൈൽ പാകി മോടി കൂട്ടിയിട്ടുണ്ട്. ഈ കെട്ടിടത്തിൽ ഇപ്പോൾ തബ്ശീറുൽ ഇസ്‌ലാം മദ്രസ്സയും, മഹല്ലിന്റെ സൗജന്യ ട്യൂഷനും, PSC ട്രെയിനിംഗ് സെന്ററും, സെക്കന്ററി മദ്രസ്സയും രാവിലെ 7 മുതൽ രാത്രി 8 വരെ സമയബന്ധിതമായി പ്രവർത്തിച്ച് വരുന്നു.

PSC ട്രെയിനിംങ് സെന്റർ പ്രവർത്തിക്കുന്നതിന് സംസ്ഥാന സർക്കാരിൽ നിന്ന് PWD നിരക്കിലുള്ള വാടക മഹല്ലിന് ലഭിക്കുന്നതിനുള്ള ശ്രമങ്ങളും മഹല്ല് കമ്മറ്റി ദ്രുതഗതിയിൽ നടത്തുന്നുണ്ട്. PSC ട്രെയിനിംഗ് സെന്റർ മഹല്ലിന് സർക്കാർ സ്ഥാപനം എന്നതുപോലെ ഒരു സ്ഥിര വരുമാനമാർഗ്ഗവുമായി മാറുമെന്നതാണ് ഇതിന്റെ മറ്റൊരു നേട്ടം.

ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളെ മത്സരപരീക്ഷകളിൽ മുൻനിരയിലെത്തിക്കാൻ പാലൊളി കമ്മറ്റി റിപ്പോർട്ട് പ്രകാരം സംസ്ഥാന സർക്കാർ ആരംഭിച്ച PSC ട്രെയിനിംഗ് സെന്ററിന്റെ തൃശൂർ ജില്ലാ കേന്ദ്രമായ നമ്മുടെ സ്ഥാപനത്തിൽ 142 പഠിതാക്കളുണ്ട്. ഉദ്യോഗാർത്ഥികളുടെ ബാഹുല്യം കാരണം മൂന്ന് ബാച്ചായി തിരിച്ചാണ് ഇപ്പോൾ ക്ലാസ്സുകൾ നടത്തുന്നത്. തൃശൂർ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സഹോദര സമുദായാംഗങ്ങൾ ഉൾപ്പെടെയുള്ള പഠിതാക്കൾ ഈ ട്രെയിനിംഗ് സെന്റർ ഉപയോഗപ്പെടുത്തുമ്പോൾ നമ്മുടെ മഹല്ലിലെ 6 കുട്ടികൾ ഈ സൗകര്യം ഉപയോഗപ്പെടുത്തുന്നുണ്ട്. പത്ര മാധ്യമങ്ങൾ വഴിയും ജുമാ പ്രസംഗത്തിനിടയിലെ അറിയിപ്പായും ആവശ്യമായ പ്രചരണം മഹല്ല് കമ്മറ്റി നൽകിയിട്ടുണ്ട്.

## മുസ്‌രിസ് പൈതൃക പദ്ധതി

സംസ്ഥാന സർക്കാരിന്റെ ടൂറിസം വകുപ്പ് കഴിഞ്ഞ 7 കൊല്ലം മുൻപ് ആരംഭിച്ച മുസ്‌രിസ് പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി നമ്മുടെ മസ്ജിദിനും നിരവധി പദ്ധതികൾ ലഭിച്ചിട്ടുള്ളത് നാം ചർച്ച ചെയ്തിട്ടുള്ളതാണ്. റിപ്പോർട്ട് വർഷത്തിൽ പള്ളിയുടെ പുറക് വശവും തെക്ക് ഭാഗവും മ്യൂസിയത്തിനു ചുറ്റും ടൈൽ വിരിക്കുന്ന ജോലികൾ പൂർത്തീകരിച്ചു. പദ്ധതിയിൽ മഹല്ലിന് അനുവദിച്ചിട്ടുള്ള ഇസ്ലാമിക പൈതൃക മ്യൂസിയത്തിന്റെ അവസാന ജോലികളും നടന്ന് വരുന്നു. മ്യൂസിയം ഉൽഘാടനം ചെയ്യുന്നതോടൊപ്പം തന്നെ സി-ഡിറ്റിന്റെ സാങ്കേതിക സഹായത്താൽ മഹല്ല് ഒരുക്കുന്ന ഇസ്ലാമിക ഡിജിറ്റൽ ലൈബ്രറിയുടെ പ്രവർത്തനവും ആരംഭിക്കും. നമ്മുടെ പുരോഗമന പ്രവർത്തനങ്ങളും ആവശ്യ

ങ്ങളും അന്യായമായും അനാവശ്യമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വൈകിപ്പിക്കുകയാണ്. സർക്കാർ വകുപ്പുകളിലെ സ്വതസിദ്ധമായ മെല്ലേപ്പോക്ക് നയവും, സാങ്കേതിക കാരണങ്ങൾ ചൂണ്ടിക്കാണിച്ചുള്ള വൈകിപ്പിക്കലും മുസ്‌രിസ് പൈതൃക പദ്ധതിയെ ബാധിച്ചിട്ടുണ്ട്. നമ്മുടെ പള്ളിയുടെ ആവശ്യങ്ങളും ഇത്തരത്തിൽ കുരുങ്ങി പോവുകയാണ്. കഴിഞ്ഞ രണ്ട് മാസമായി പദ്ധതിക്ക് പുതിയ ഉണർവ്വ് വന്നിട്ടുള്ളതിനാൽ ഇൻശാ അല്ലാ 2017-18 സാമ്പത്തിക വർഷത്തിൽ നമ്മുടെ സ്വപ്ന പദ്ധതികൾക്ക് സാഫല്യം ഉണ്ടാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. (4 വർഷം മുൻപ് അനുമതി നൽകിയ പദ്ധതിയാണ് ഇപ്പോൾ നടത്തിയിട്ടുള്ളത്)

പള്ളിയുടെ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധയും ശുഷ്കാന്തിയും സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നും ഇപ്പോൾ ഉണ്ട് എന്നാണ് മഹല്ല് കമ്മറ്റി മനസ്സിലാക്കുന്നത്. ബഹു. ധനകാര്യ വകുപ്പ് മന്ത്രി പള്ളി സന്ദർശിച്ചപ്പോൾ അകത്തേ പള്ളിയുടെ ബീമുകൾക്ക് സംഭവിച്ചിട്ടുള്ള കേടുപാടുകൾ തീർക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതിയുടെ ചീഫ് കൺൾട്ടൻസിയുടെ നേതൃത്വത്തിലുള്ള സംഘം ബീമുകളുടെ കേടുപാടുകൾ തീർക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ജോലികളും പൂർത്തീകരിച്ചിട്ടുണ്ട്.

അകത്തെ പള്ളിയിലെ ബീമുകൾക്ക് സംഭവിച്ചിട്ടുള്ള അപകടകരമായ തകരാറ് മുൻപും നമ്മൾ ചർച്ച ചെയ്തിട്ടുള്ളതാണ്. കേന്ദ്രപുരാവസ്തു വകുപ്പും ഇക്കാലയളവിൽ ടി തകരാറ് പരിഹരിക്കുന്നതിനുള്ള സാങ്കേതിക മർഗ്ഗങ്ങളെ കുറിച്ച് പലപ്രാവശ്യം പഠനം നടത്തിയിട്ടുണ്ടെങ്കിലും മഹല്ലിനെ സംബന്ധിച്ച ആശാവഹമായ സഹായ വാഗ്ദാനങ്ങൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. പള്ളി എ.എസ്.ഐ. യുടെ കീഴിലല്ലെന്ന സാങ്കേതികത്വം, നമ്മുടെ പള്ളിയുടെ പൗരാണികതയ്ക്കും ചരിത്രത്തിനും മേലെയുള്ള ന്യായമായി എ.എസ്.ഐ. കാണുകയും സാങ്കേതിക ഉപദേശങ്ങൾ മാത്രം നൽകാമെന്ന വാഗ്ദാനത്തിൽ ഒതുങ്ങുകയും ചെയ്തു.

ഈ സാഹചര്യത്തിലാണ് സ്റ്റേറ്റ് സർക്കാരിന്റെ സഹായ വാഗ്ദാനം നമുക്ക് ലഭിച്ചിട്ടുള്ളത് ബീമമായ ഒരു സംഖ്യ ചെലവ് വരുമെന്നതിനാലാണ് ഇത്രയും വൈകിയതും സർക്കാർ സഹായത്തിന് സമ്മർദ്ദം ചെലുത്തിയും അല്ലാഹുവിന്റെ അനുഗ്രഹത്താൽ 2017-18 വർഷത്തിൽ ഇത് പൂർത്തീകരിക്കപ്പെടുമെന്ന് തന്നെ നമുക്ക് പ്രതീക്ഷിക്കാം.

## സക്കാത്ത്, ഫിത്വർ സക്കാത്ത്, വുളുഹിയത്ത്

വീഴ്ചകൾക്കിടയില്ലാത്ത വിധം മഹല്ലിന്റെ ഭരണഘടന പ്രകാരം റിപ്പോർട്ട് വർഷത്തിലും മഹല്ല് കമ്മറ്റിയുടെ നേതൃത്വത്തിൽ സക്കാത്ത്, ഫിത്വർ സക്കാത്ത്, വുളുഹിയത്ത് ശേഖരണവും വിതരണവും നടത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങൾക്കിടയിലെ ഏറ്റവും ഉയർന്ന് വരവാണ്. റിപ്പോർട്ട് വർഷം നമുക്ക് ശേഖരിക്കാനായത്. ആയതിന്റെ വിതരണത്തിലെ സൂക്ഷ്മതകൊണ്ടും സക്കാത്ത് വിതരണം ശ്രദ്ധേയമാണ്. മഹല്ലിലെ വിവിധ അഡ്വൈസറി കമ്മറ്റി അംഗങ്ങളുടെ സജീവ സഹകരണവും, കർശന മേൽനോട്ടങ്ങളും സക്കാത്ത് വിതരണത്തിൽ ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് തന്നെ മാതൃകാപരവുമായിരുന്നു. സക്കാത്ത് ഫണ്ടിൽ നിന്നും വിതരണത്തിന് ശേഷമുള്ള സംഖ്യ രണ്ട് പുരയുടെ നിർമ്മാണത്തിനുള്ള സഹായമായും. മഹല്ല് അംഗവും രോഗിയുമായ വ്യക്തിക്കും കച്ചവടം നടത്തുന്നതിനുള്ള സഹായമായും കമ്മറ്റി വിതരണം ചെയ്തിട്ടുണ്ട്.

വുളുഹിയത്തിന്റെ ഷെയർ സ്വരൂപിക്കുന്നതിന് മഹല്ല് കമ്മറ്റിക്ക് വളരെയധികം പ്രയാ

സങ്ങളും പ്രതിസന്ധികളും നേരിടേണ്ടി വന്നിട്ടുണ്ട്. മാടുകളുടെ വിലയിലുള്ള അമിത മായ വർദ്ധനവ് അംഗങ്ങളിൽ ഷെയർ ലഭിക്കുന്നതിൽ വന്നിട്ടുള്ള കുറവും വുളുഹിയത്ത് പ്രവർത്തനങ്ങൾ താളം തെറ്റുമെന്ന് ഞങ്ങൾ ഭയപ്പെട്ടിരുന്നു. റബ്ബിന്റെ അനുഗ്രഹത്താൽ നമ്മുടെ ഭയപ്പാടുകളെല്ലാം അസ്ഥാനത്താക്കി സക്കാത്തും, ഫിത്വർസക്കാത്തും, വുളുഹി യത്തും അതിന്റെ എല്ലാ ഘട്ടങ്ങളിലും വിജയകരമായി പൂർത്തീകരിക്കാൻ നമുക്കായി (അൽഹംദുലില്ലാ).

സക്കാത്ത്, ഫിത്വർ സക്കാത്ത്, വുളുഹിയത്ത് എന്നിവയുടെ വിതരണത്തിനായി ശാസ്ത്രീയമായ പരിഷ്ക്കരണം കാരണം കഴിഞ്ഞ 3 വർഷമായി വിതരണത്തിലെ അപാ കതകൾ ഒഴിവാക്കിയിട്ടുള്ളതും പരാതികൾക്ക് അറുതി വരുത്താനും കൃത്യമായി അംഗ ങ്ങൾക്ക് തന്നെ ലഭിച്ചുവെന്ന് ഉറപ്പ് വരുത്താനും നമുക്കായിട്ടുണ്ട്.

## നബിദിനാഘോഷം

ചേരമാൻ ജുമാമസ്ജിദ് മഹല്ലിന്റെ നബിദിനാഘോഷം ഓരോ വർഷവും വേറിട്ടതായി മാറുന്നതിലും ശ്രദ്ധേയമാകുന്നതിലും നമുക്ക് അഭിമാനിക്കാം. നമ്മുടെ വിവിധ മദ്രസ്സക ളുടെ ഒരു മൗലീദ് പാരായണത്തിൽ മാത്രം പരിമിതപ്പെട്ടിരുന്ന നബിദിനാഘോഷം ഇന്ന് ജില്ലയിൽ തന്നെ ശ്രദ്ധിക്കുന്ന ആഘോഷമായി മാറിയിട്ടുണ്ട്. കഴിഞ്ഞ വർഷം റബ്ബിഉൽ അവ്വൽ 12ന് നമ്മുടെ കുട്ടികളും അദ്ധ്യാപകരും അഡ്വൈസറി കമ്മറ്റി അംഗങ്ങളും പള്ളി മുറ്റത്ത് സമ്മേളിച്ച് പതാക ഉയർത്തിയപ്പോൾ അതൊരു വലിയവാർത്തക്ക് കാരണമായി രുന്നു. പ്രവർത്തന റിപ്പോർട്ട് വർഷത്തിൽ മഹല്ലിൽ മദ്രസ്സാ വിദ്യാർത്ഥികളേയും അഡ്വൈ സറി കമ്മറ്റി അംഗങ്ങളേയും മഹല്ല് അംഗങ്ങളേയും കൂട്ടിയിണക്കി ഒരു നബിദിന റാലി സംഘടിപ്പിച്ചപ്പോൾ നമ്മുടെ മഹല്ലിന് അതൊരു ചരിത്രമായി. പ്രവാചക പ്രഘോഷണ ങ്ങളുമായി നീങ്ങിയ നമ്മുടെ ഘോഷയാത്ര ജില്ലയിൽ ശ്രദ്ധിക്കപ്പെടുന്ന, അച്ചടക്കമുള്ള, റോഡ് തടസ്സങ്ങളുണ്ടാക്കാത്ത, യാത്രാ ദൈർഘ്യമില്ലാത്ത റാലിയായി മാറി. വിവിധ മദ്ര സ്സകളിൽ സംഘടിപ്പിച്ച പൊതുപരിപാടികളും അന്നദാനവും മതപ്രസംഗവും മഹല്ലിൽ ആകെ ആഘോഷത്തിമിർപ്പുണ്ടാക്കിയതാണ്. മഹല്ല് കേന്ദ്രീകരിച്ചുള്ള കലാമത്സരങ്ങൾ ആസ്വദിക്കുന്നതിന് രക്ഷിതാക്കൾ ഉൾപ്പെടെയുള്ളവരുടെ സാന്നിദ്ധ്യം രാത്രിയേറെ വൈകിയും പരിപാടികൾ കഴിയുന്നത് വരെ ഉണ്ടായിരുന്നുവെന്നത് ആവേശകരമായിരു ന്നു. വീഴ്ചകളും തടസ്സങ്ങളുമില്ലാതെ പൂർവ്വാധികം ഭംഗിയായി മീലാദാഘോഷം സംഘ ടിപ്പിക്കാനായതിൽ മഹല്ല് കമ്മറ്റി സർവ്വശക്തനെ സ്തുതിക്കുന്നു.

## നോമ്പ് തുറക്കൽ

ഓരോ വർഷവും നമ്മുടെ പള്ളിയിൽ നോമ്പ് തുറക്കാനെത്തുന്നവരുടെ എണ്ണം ക്രമാ തീതമായി വർദ്ധിച്ചുവരുകയാണ്. ആയതിനുള്ള ഫണ്ട് കണ്ടെത്തി നോമ്പ് തുറക്കുന്ന വർക്കുള്ള ഭക്ഷണം ലഭ്യമാക്കുന്നതിന് മഹല്ല് കമ്മറ്റി അതീവ ശ്രദ്ധചെലുത്തുന്നുണ്ട്. മഹല്ല് ഫണ്ടിൽ നിന്ന് പണമെടുക്കാതെ പരമാവധി സംഖ്യ ഈ ഇനത്തിൽ സ്വരൂപി ച്ചാണ് നോമ്പ് തുറക്കൽ സംഘടിപ്പിക്കുന്നത്. റബ്ബിന്റെ അനുഗ്രഹത്താൽ ഇക്കാര്യത്തിൽ ഒരു വീഴ്ചയും നാളിതുവരെ ഉണ്ടായിട്ടില്ല. മഹല്ലിന്റെ ആവശ്യങ്ങൾ നിവർത്തിക്കാൻതക്ക മനസ്സുള്ള പ്രവാസികളായ സഹോദരൻമാരുടെ സഹായം നാഥൻ എല്ലാ സമയവും ഒരുക്കിവെച്ചിട്ടുണ്ട്. അവർക്ക് അർഹമായ പ്രതിഫലവും സർവ്വശക്തൻ പ്രദാനം ചെയ്യട്ടെ.

## സൺഡേ മദ്രസ്സ, സ്കൂൾ ട്യൂഷൻ

മദ്രസ്സ വിദ്യാഭ്യാസം യഥാസമയം ലഭിക്കാത്തവരും പ്രാഥമിക മതപഠനങ്ങൾ ലഭിക്കാതെ പഠനം മുറിഞ്ഞുപോയവരുമായ വിദ്യാർത്ഥികൾക്ക് അടിസ്ഥാന കാര്യങ്ങൾ പഠിപ്പിക്കുന്നതിന് ആവശ്യമായ സൺഡേ മദ്രസ്സയുടെ പ്രവർത്തനം റിപ്പോർട്ട് വർഷത്തിൽ റമളാൻ ഒഴികെയുള്ള എല്ലാ ഞായറാഴ്ചകളിലും നടന്നിട്ടുണ്ട്. ശരാശരി 50 ഓളം വിദ്യാർത്ഥികൾ ഈ ക്ലാസ് ഉപയോഗപ്പെടുത്തുന്നുണ്ട്. മഹല്ലിന്റെ വിദ്യാഭ്യാസ ഗ്രാന്റ് വാങ്ങുന്നവർ ഈ ക്ലാസ് നിർബന്ധമായും ഉപയോഗപ്പെടുത്തണമെന്ന നിഷ്ക്കർഷയും മഹല്ല് കമ്മറ്റി ഏർപ്പെടുത്തിയിട്ടുണ്ട്. ജാമിയ നൂരിയ അറബിക് കോളേജിൽ പഠിക്കുന്ന മഹല്ല് അംഗങ്ങളായ രണ്ട് വിദ്യാർത്ഥികളുടെ മുഴുവൻ പഠന ചിലവും മഹല്ലിൽ നിന്നും നൽകുന്നുണ്ട്. ദീനി പഠനത്തിന്റെ വളർച്ചയ്ക്കും പ്രോത്സാഹനത്തിനും എല്ലാ നിർദ്ദേശങ്ങളും പരിഗണിക്കാനും അനുയോജ്യമായവ നടപ്പിലാക്കാനും മഹല്ല് കമ്മിറ്റി സർവ്വാത്മനാ സന്നദ്ധമാണ്. മഹല്ലിലെ 8 മദ്രസ്സകൾ കേന്ദ്രീകരിച്ച് മഹല്ല് ഇമാം നടത്തുന്ന ഖുർആൻ പഠനക്ലാസ്സുകൾ റിപ്പോർട്ട് വർഷത്തിലും നടന്നിട്ടുണ്ട്.

സ്കൂൾ ട്യൂഷൻ വിഷയത്തിൽ 2007 മുതൽ നൽകി വരുന്ന സൗജന്യ ട്യൂഷൻ സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും ഈ റിപ്പോർട്ട് വർഷം നടത്തിയിട്ടുണ്ട്. ലഭ്യമായിരുന്ന കേന്ദ്ര സർക്കാർ ഗ്രാന്റ് ഒരു മുന്നറിയിപ്പും ഇല്ലാതെ നിർത്തിയെങ്കിലും നമ്മുടെ ട്യൂഷൻ ആശ്രയിച്ച് പഠനത്തിന്റെ പിന്നോക്കാവാസ്ഥ പരിഹരിക്കുന്ന കുട്ടികൾ ഇത് ഉപയോഗപ്പെടുത്തുന്നതിനാലാണ് കമ്മറ്റി സൗജന്യ ട്യൂഷൻ തുടർന്ന് പോരുന്നത്. മഹല്ലിന്റെ സാമ്പത്തിക നഷ്ടത്തെപ്പറ്റി ഓഡിറ്റ് പരാമർശമുണ്ടെങ്കിലും നമ്മുടെ മഹല്ലിന്റെ പുരോഗമന മുഖങ്ങളിലൊന്നായി സൗജന്യട്യൂഷൻ നിലനിർത്തണമെന്നാണ് കമ്മറ്റി ആഗ്രഹിക്കുന്നത്. 68 കുട്ടികളും 8 അധ്യാപകരും സൗജന്യ ട്യൂഷൻ ക്ലാസിലുണ്ട്. 2017ലെ എസ്.എസ്.എൽ.സി പരീക്ഷയിലും നമ്മുടെ ട്യൂഷൻ ക്ലാസിലെ കുട്ടികൾ അഭിമാനകരമായ വിജയം കൈവരിച്ചത് തന്നെ മഹല്ലിന് ലഭിച്ച അംഗീകാരമായി കണക്കാക്കപ്പെടേണ്ടതാണ്.

## കാമ്പയിനുകൾ

**1. ഖൗമി ഏകത വാരം :** രാജ്യത്ത് വളർന്ന് വരുന്ന വർഗ്ഗീയ വിദ്വേഷങ്ങൾ തടയിടേണ്ട ബാധ്യത നമ്മുടേത് കൂടിയാണെന്ന സാമൂഹ്യ ബോധത്തിന്റെ അടിസ്ഥാനത്തിൽ ചേരമാൻ ജുമാമസ്ജിദ് മഹല്ലും, കോഴിക്കോട് സർവ്വകലാശാലയുടെ എൻ.എസ്.എസ്. വിഭാഗവും ചേർന്ന് ഖൗമി ഏകത വാരാചരണത്തിന്റെ ഭാഗമായി നമ്മുടെ പള്ളിയുടെ മുറ്റത്ത് മതസൗഹാർദ്ദ സദസ്സ് സംഘടിപ്പിക്കുകയുണ്ടായി. സ്വാമി വിശ്വഭദ്രാനന്ദ ശക്തിബോധി അവർകൾ മുഖ്യപ്രഭാഷണം നടത്തിയ വേദിയിൽ കൊടുങ്ങല്ലൂരിന്റെ രാഷ്ട്രീയ സാമൂഹിക-സാംസ്കാരിക പ്രവർത്തകരും സന്നിഹിതരായിരുന്നു. മതസൗഹാർദ്ദത്തിന്റെ ഐക്യ സന്ദേശം പുറപ്പെടുവിക്കേണ്ട ആധികാരിക സ്ഥാപനമാണ് ചേരമാൻ ജുമാ മസ്ജിദെന്ന് വിലയിരുത്തിയ സദസ്സ് മേലിലും ഇത്തരത്തിലുള്ള സംസ്കാരിക സൗഹൃദ സദസ്സുകൾക്ക് പള്ളിയങ്കണം വേദിയാകണമെന്നും അഭ്യർത്ഥിച്ചു.

**2. മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ കത്തുകളുടെ കൈമാറ്റം :** സ്വാതന്ത്ര്യ സമരനായകനും കൊടുങ്ങല്ലൂരിന്റെ സ്വകാര്യ അഹങ്കാരവുമായ കേരളത്തിന്റെ വീരപുത്രനായ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് ജയിലിൽ നിന്നും തന്റെ സുഹൃത്തിനയച്ച കത്തുകളുടെ പകർപ്പ് ചേരമാൻ ജുമാ മസ്ജിദ് ഇസ്ലാമിക പൈതൃക മ്യൂസിയത്തിന് കൈമാറുന്നതിന്റെ ചടങ്ങ് വീക്ഷിക്കാൻ കൊടുങ്ങല്ലൂരിന്റെ സാംസ്കാരിക മനസ്സുകളും വിദ്യാർത്ഥികളും മ്യൂസിയം ഹാളിൽ നിറഞ്ഞത് പത്രവാർത്തകളിൽ ഗൗരവമായി ഇടം

കണ്ടെത്തിയ വാർത്തയാണ്. തോന്ന്യാക്ഷരങ്ങളുടെ കവി സച്ചിദാനന്ദൻ ഉദ്ഘാടനം ചെയ്ത പരിപാടിയിൽ ശ്രീ. ബാലചന്ദ്രൻ വടക്കേടത്ത്, ശ്രീ. സിപ്പി പള്ളിപ്പുറം ഉൾപ്പെടെ സാഹിത്യ-സാംസ്കാരിക പ്രവർത്തകരുടെ സാന്നിദ്ധ്യം കൊണ്ട് ഏറെ ശ്രദ്ധേയമായി. അകത്തെ പള്ളിയിൽ നിന്നും തന്റെ കുട്ടിക്കാലത്തെ ചേരമാൻ പള്ളിയെ കുറിച്ചുള്ള കവിയുടെ ഓർമ്മകളുടെ അയവിറക്കൽ കൂടെയുണ്ടായിരുന്നവർക്ക് ഹൃദ്യമായ അനുഭവമായിരുന്നു.

**3. ഏകസിവിൽ കോഡിനെതിരെയുള്ള പ്രതിഷേധം :** രാജ്യത്ത് ഏകസിവിൽ കോഡ് നടപ്പിലാക്കണമെന്നുള്ള വർഗ്ഗീയ ശക്തികളുടെ പ്രചരണത്തിന് തടയിടാനും അത്തരം നീക്കത്തിൽ നിന്നും കേന്ദ്ര സർക്കാർ പിൻതിരിയണമെന്നുമാവശ്യപ്പെട്ട് മഹല്ല് കമ്മിറ്റി നിയമവകുപ്പിനും പ്രധാനമന്ത്രിക്കും നിവേദനങ്ങൾ അയക്കുകയും ഏക സിവിൽകോഡ് നീക്കത്തെ പ്രതിരോധിക്കാൻ പരിസര മഹല്ലുകളെ ഉൾപ്പെടുത്തി പള്ളിയുടെ മുൻവശത്ത് പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിക്കുകയുണ്ടായി. കൊടുങ്ങല്ലൂരിലെ എല്ലാ മഹല്ലുകളും പങ്കെടുത്ത പ്രതിഷേധ കൂട്ടായ്മയിൽ അവതാരകന്റെ അവതരണത്തിലെ അപാകതകൾ യോഗത്തിൽ പങ്കെടുത്തവർ ചൂണ്ടിക്കാണിക്കുകയും, മുസ്ലിം സമുദായം ഏക സിവിൽകോഡിനെ പ്രതിരോധിക്കാൻ സജ്ജമാണെന്ന സന്ദേശം ഭരണകർത്താക്കൾക്ക് എത്തിക്കുന്നതിൽ നേതൃത്വപരമായ പങ്കുവഹിക്കാനും നമുക്കായി.

**4. മഹല്ല് ശാക്തീകരണ സെമിനാർ :** മഹല്ല് ഭരണസംവിധാനങ്ങളുടെ നവീനതയെ കുറിച്ചും പുതിയ സങ്കേതങ്ങൾ മഹല്ലുകൾ സ്വീകരിക്കേണ്ടത് സംബന്ധിച്ചുള്ള അഭിപ്രായങ്ങൾ നമ്മുടെ പരിസര മഹല്ലുകളുൾപ്പെടെയുള്ളവർ നമ്മിൽ നിന്നും അഭിപ്രായങ്ങൾ ചോദിച്ചറിയാനും നമ്മുടെ സംവിധാനങ്ങൾ പകർത്താനുള്ള ആഗ്രഹങ്ങളും മഹല്ല് കമ്മറ്റിയെ പല ഘട്ടങ്ങളിലായി അറിയിച്ചിട്ടുണ്ട്. മഹല്ല് സംവിധാനങ്ങളുടെ ആധുനിക വൽക്കരണം സംബന്ധിച്ച ബോധവൽക്കരണത്തിനും മഹല്ലുകളുടെ പരസ്പര സഹകരണത്തിനുമായി നമ്മുടെ മഹല്ല് പ്രാദേശിക മഹല്ലുകളുടെ ഒരു ഏകദിന സെമിനാർ വിളിച്ചു ചേർക്കുകയുണ്ടായി. കൊടുങ്ങല്ലൂർ താലൂക്കിലെ മഹല്ലുകളെ മാത്രമേ നാം സെമിനാറിനായി ക്ഷണിച്ചുള്ളുവെങ്കിലും നിരവധി വാട്സ് ആപ്പ് ഗ്രൂപ്പുകളും സാമൂഹിക മാധ്യമങ്ങളും പരിപാടിയ്ക്ക് വ്യാപകമായ പ്രചരണം നല്കുകയും, തൃശൂർ ജില്ലയിലെ ഒട്ടനവധി മഹല്ലുകളുടെ സംഗമമായി മാറുകയുമുണ്ടായി. “മാതൃകാ മഹല്ലിന്റെ സൃഷ്ടിക്കായി നമുക്കൊന്നിച്ചിരിക്കാം” എന്ന ആഹ്വാനം ഓരോ മഹല്ലും അതർഹിക്കുന്ന ഗൗരവത്തിൽ എടുക്കുകയും വിശദമായ ചർച്ചകളുടെ ക്രോഡീകരണവും ഈ സെമിനാറിൽ നടക്കുകയുണ്ടായി. ‘ഇമേജ്’ ജില്ലാ ഘടകത്തിന് സമ്മേളനം രൂപം നൽകുകയും മഹല്ല് പ്രസിഡന്റ് അതിന്റെ ജില്ലാ കൺവീനറായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. മഹല്ലുകളുടെ അറിവും അനുഭവങ്ങളും പരസ്പരം പങ്കുവെയ്ക്കുകയും മഹല്ല് ശാക്തീകരണ രംഗത്ത് കൈകോർക്കാനും ഈ സെമിനാർ തീരുമാനിച്ചു.

### വിശിഷ്ട വ്യക്തികളുടെ സന്ദർശനം

റിപ്പോർട്ട് വർഷത്തിൽ നിരവധി രാഷ്ട്രീയ സാംസ്കാരിക നേതാക്കളും ചരിത്രകാരന്മാരും, വിദേശ രാഷ്ട്ര പ്രതിനിധികളും നമ്മുടെ പള്ളി സന്ദർശിക്കുകയുണ്ടായി. സന്ദർശകരുടെ എണ്ണത്തിൽ അഭൂതപൂർവ്വമായ വർദ്ധനവാണ് റിപ്പോർട്ട് വർഷത്തിൽ ഉണ്ടായത്. ഡോ. തോമസ് ഐസക്, ശ്രീ. എ.സി. മൊയ്തീൻ, ശ്രീ. കടന്നപ്പള്ളി രാമചന്ദ്രൻ, ശ്രീ. കടകംപിള്ളി സുരേന്ദ്രൻ, ശ്രീ. കെ.ടി. ജലീൽ തുടങ്ങിയ അഞ്ച് സംസ്ഥാന മന്ത്രിമാരും ടൂറിസം സെക്രട്ടറി ശ്രീ. പി. വേണു, ഡയറക്ടർ ശ്രീ. ജോസ്, എ.ഡി.ജി.പി. മഹേഌ യാദവ്, സെൻട്രൽ കസ്റ്റംസ് & എക്സൈസ് കമ്മീഷൻ രേഷ്മ ലഗാനി, തുടങ്ങിയ

ഉദ്യോഗസ്ഥ പ്രമുഖരും ഹരിയാനയിൽ നിന്നുള്ള എം.എൽ.എ. മാരും ഉത്തർപ്രദേശിൽ നിന്നുള്ള ന്യൂനപക്ഷ മന്ത്രാലയത്തിന്റെ പഠന സംഘവും മസ്ജിദിൽ എത്തുകയുണ്ടായി. മാലിദ്വീപിന്റെ ആരോഗ്യവകുപ്പ് മന്ത്രി, നെതർലന്റ്, ജപ്പാൻ, നോർവെ, തുടങ്ങിയ രാജ്യങ്ങളുടെ നയതന്ത്ര പ്രതിനിധികളും പള്ളിയിലെത്തിയിട്ടുണ്ട്. അഞ്ച് സംസ്ഥാന മന്ത്രിമാർ ഒരു റിപ്പോർട്ട് വർഷത്തിൽ നമ്മുടെ പള്ളിയിൽ വരുന്നത് ഇത് ആദ്യമാണ്. കൊടുങ്ങല്ലൂരുമായുള്ള ധനകാര്യമന്ത്രി ശ്രീ. തോമസ് ഐസകിന്റെ ഹൃദയബന്ധം നമ്മുടെ പള്ളിയ്ക്ക് ഗുണകരമായി തീർന്നിട്ടുണ്ട്. മസ്ജിദ് സന്ദർശനത്തെ കുറിച്ചുള്ള ശ്രീ. തോമസ് ഐസകിന്റെ ഫേസ്ബുക്ക് പോസ്റ്റിൽ വ്യാപകമായ പ്രതികരണമാണ് ലഭിച്ചത്. ഇവരുടെയെല്ലാം സന്ദർശനങ്ങൾ മഹല്ലിന്റെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള അവസരമായി ഉപയോഗപ്പെടുത്താനും നമുക്കായിട്ടുണ്ട്. ആൾ ഇന്ത്യ മുസ്ലിം പേഴ്സണൽ ലോ ബോർഡ് ചെയർമാനും ബോർഡ് അംഗങ്ങളും പള്ളിയിലെത്തിയതും നമ്മുടെ മസ്ജിദിന് ലഭിച്ച അംഗീകാരമായിരുന്നു.

## മസ്ജിദ് പുനരുദ്ധാരണം

പഴയ പള്ളിയുടെ പുനർനിർമ്മാണത്തിനും നമസ്ക്കാര സൗകര്യം വർദ്ധിപ്പിക്കുന്നതിനും 2013 ൽ നാമെടുത്ത ചരിത്രപരമെന്ന് രാജ്യം വിശേഷിപ്പിക്കുന്ന പദ്ധതിയുടെ കടലാസ് പ്രവർത്തികൾ ഈ വർഷം പൂർത്തീകരിച്ചിട്ടുണ്ട്. ആരാധനാലയങ്ങളുടെ നിർമ്മാണത്തിന് സർക്കാരിന്റെ കർശന നിയമങ്ങൾ നേരിടുന്നതിന് നിരന്തര ശ്രമങ്ങൾ വേണ്ടിവന്നിട്ടുണ്ട്. റവന്യൂ, ആഭ്യന്തര, തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ അനുമതി ലഭിച്ചതിന് ശേഷവും അവസാന അനുമതിക്കായി ജില്ലാ കളക്ടർക്ക് വേണ്ടി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് അയച്ചിരുന്നുവെങ്കിലും സംസ്ഥാന പുരാവസ്തു വകുപ്പിന്റെ അനുമതി പത്രം ഇല്ലായെന്ന കാരണം പറഞ്ഞ് ജില്ലാ ഭരണകൂടം അനുമതി വൈകിപ്പിക്കുകയായിരുന്നു. സർവ്വശക്തന്റെ അനുഗ്രഹത്താൽ ഈ ഉത്തരവ് നമുക്ക് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പള്ളി നിർമ്മാണത്തിനുള്ള സർക്കാർ അനുമതി ഈ റിപ്പോർട്ട് ചർച്ച ചെയ്യുന്നതിന് മുമ്പ് ലഭിക്കുമെന്ന് ഉറപ്പായിട്ടുണ്ട്. സംസ്ഥാന വഖഫ് ബോർഡിന്റെ സജീവ സഹകരണം ഇക്കാര്യത്തിൽ മഹല്ല് കമ്മറ്റിക്ക് ലഭിച്ചിട്ടുള്ളത് ബോർഡിനോട് നമുക്ക് അങ്ങേയറ്റം കടപ്പാടുണ്ട്. വിദേശഫണ്ട് സ്വീകരിക്കുന്നതിന് എഫ്.സി.ആർ.എ. ലഭിക്കാൻ ഇനിയും ഏറെ വൈകുമെന്നതിനാൽ ബോർഡിന്റെ എഫ്.സി.ആർ.എ. സർട്ടിഫിക്കറ്റ് ഈ ആവശ്യത്തിന് നമുക്ക് ഉപയോഗിക്കുന്നതിനുള്ള പ്രത്യേക ഉത്തരവും ബോർഡ് നൽകിയിട്ടുണ്ട്. പ്ലാനും അംഗീകാരവും നിർമ്മാണപ്രവർത്തനങ്ങളും വിശദീകരിക്കുന്ന ഡോക്യുമെന്ററിയും നമ്മുടെ പള്ളി പഴമയിലേക്ക് തിരിച്ചുകൊണ്ടുപോകാനും ആയിരങ്ങളെ ഉൾക്കൊള്ളുന്ന ആധുനിക സൗകര്യങ്ങൾ സ്വായത്തമാക്കണമെന്നുമുള്ള നമ്മുടെ സ്വപ്നത്തിലെ ചേരമാൻ ജുമാ മസ്ജിദ് നിർമ്മിക്കാനുള്ള മനസ്സും സാഹചര്യങ്ങളും ഒരുങ്ങിക്കഴിഞ്ഞു. പണം സ്വരൂപിക്കലിന്റെ അടുത്ത ഘട്ടം ആരംഭിക്കുകയാണ്. നാഥന്റെ സഹായം മാത്രമാണ് പ്രതീക്ഷ. നാളിതുവരെ മഹല്ലിന്റെ കാര്യങ്ങൾക്ക് ഒരു കുറവും വരുത്താതെ ആഗ്രഹിക്കുന്നതിന് അപ്പുറം നൽകിയ സർവ്വ ലോക രക്ഷിതാവ് ചരിത്രത്തിന്റെ നേർക്കാഴ്ചയും വഴികാട്ടിയുമായ ചേരമാൻ ജുമാ മസ്ജിദിന്റെ പുനരുദ്ധാരണത്തിനുള്ള സാമ്പത്തിക സ്രോതസ്സുകൾ നൽകി അനുഗ്രഹിക്കുമെന്ന് ഉറപ്പുണ്ട്. നമുക്ക് ദുആ ചെയ്യാം.... നാഥൻ തുണക്കട്ടെ.

## അഡ്വൈസറി, കമ്മറ്റി സ്റ്റാഫ് കൗൺസിൽ

മഹല്ല് കമ്മറ്റി എടുക്കുന്ന തീരുമാനങ്ങൾ സജീവമായ കൂട്ടായ്മയോടെ ചർച്ച ചെയ്ത്, അത് ജനകീയത കൈവരിക്കുമ്പോൾ ആ തീരുമാനങ്ങൾ ജീവസുറ്റതാകുന്നുവെന്നത് മഹല്ല് കമ്മറ്റിയുടെ അനുഭവമാണ്. മഹല്ലിന്റെ അഡ്വൈസറി കമ്മറ്റികൾ ഈ മഹല്ലിന് നൽകുന്ന സേവനം വിലപ്പെട്ടത് തന്നെയാണ്. മഹല്ലിന്റെ പുരോഗതി സംബന്ധിച്ചുള്ള പ്രധാനതീരുമാനങ്ങൾ എല്ലാം തന്നെ ഈ കമ്മറ്റികളുടെ ശുപാർശകൾ കൊണ്ടുണ്ടായി ട്ടുള്ളതാണോ. മഹല്ല് കമ്മറ്റിയുടെ തീരുമാനങ്ങൾ ഏറ്റെടുത്ത് വിജയകരമായി നടപ്പിലാ ക്കാനുള്ള അശ്രാന്ത പരിശ്രമവും നമ്മുടെ മഹല്ല് അഡ്വൈസറി കമ്മറ്റികൾക്കുണ്ടായത് ഈ മഹല്ലിനെ സംബന്ധിച്ച് പ്രധാന വഴിത്തിരിവാണ്. സക്കാത്ത്, ഫിത്വർ സക്കാത്ത്, വുളുഹിയത്ത് എന്നിവയുടെ വിതരണം അതിനുള്ള ശ്രമങ്ങൾ, നബിദിനാഘോഷം, മഹ ല്ലിന്റെ ഇതര കാമ്പയിനുകൾ എന്നിവയുടെയെല്ലാം വിജയപർവ്വങ്ങൾ തീർക്കാൻ മഹല്ല് കമ്മറ്റിയോടൊപ്പം അഡ്വൈസറി കമ്മറ്റികളും പ്രവർത്തി പഥത്തിലുണ്ടായിട്ടുള്ളതിൽ കമ്മ റ്റിക്ക് ഏറെ ചാരിതാർത്ഥ്യമുണ്ട്.

മഹല്ലിന്റെ ദീനി പ്രവർത്തനങ്ങൾക്ക് അച്ചടക്കമുള്ള ഒരു സംസ്കാരത്തിന്റെ വളർച്ചയ്ക്ക് നമ്മുടെ മഹല്ലിനെ പരുവപ്പെടുത്തിയെടുക്കുന്നവരാണ് നമ്മുടെ ഇമാമുമാർ ഉൾപ്പെടെ യുള്ള അധ്യാപകർ. മഹല്ലിന്റെ പദ്ധതികളും പരിപാടികളും വിജയത്തിലെത്തിക്കുന്നതിന് ജീവനക്കാരും അവരുടേതായ പങ്കാളിത്തം കൃത്യമായി നിർവ്വഹിച്ച് വരുന്നുണ്ട്. സ്റ്റാഫ് കൗൺസിൽ യോഗങ്ങൾ റിപ്പോർട്ട് കാലയളവിൽ മുടങ്ങാതെ ചേർന്നിട്ടുള്ളതും അഡ്വൈ സറി കമ്മറ്റിയുമായി സഹകരിച്ച് പ്രവർത്തിച്ച് വരുന്നുമുണ്ട്.

## ഇതര പ്രവർത്തനങ്ങൾ

1 മണിക്കൂർ വൈദ്യുതി അണച്ച് ഭൂമിയെ രക്ഷിക്കാനുള്ള ഭൗമദിന യജ്ഞത്തിൽ പങ്കാ ളികളാകാൻ ലോക ജനതയോടുള്ള ഐക്യരാഷ്ട്ര സഭയുടെ ആഹ്വാനം ഉൾക്കൊണ്ട് നമ്മുടെ പള്ളിയിലെ എല്ലാ വൈദ്യുതി വിളക്കുകളും അണച്ച് റാന്തൽ വിളക്കുകൾ മാത്രം പള്ളിയിൽ പ്രകാശിപ്പിച്ചത് സമൂഹ മാധ്യമങ്ങൾ വലിയ പ്രചരണമായി മാറി. പത്രങ്ങൾ ഉൾപ്പെടെ വിവിധ ദൃശ്യ മാധ്യമങ്ങൾ ഇതൊരു ജനകീയ വാർത്തയാക്കിയതും നമ്മുടെ പ്രവൃത്തി മാതൃകാ പരമെന്ന് വിശേഷിപ്പിക്കപ്പെടുകയും ചെയ്തു.

മസ്ജിദിന്റേയും, പടിഞ്ഞാറ് വശത്തെ ഷോപ്പിംഗ് കോംപ്ലക്സിന്റേയും മുകളിൽ വീഴുന്ന മഴവെള്ളം മുഴുവൻ ഉപയോഗപ്പെടുത്തി കിണർ റീചാർജ്ജ് ചെയ്യാനും കുളത്തിലേക്കെ ത്തിക്കാനും നാം തയ്യാറാക്കിയ പദ്ധതിയും വുളു എടുക്കുന്ന ജലം പോലും പാഴായി പോകാതെയുള്ള നമ്മുടെ ക്രമീകരണങ്ങളും വാർത്തകളിൽ ഇടം പിടിച്ചിരുന്നതും ജില്ലാ ഭരണകൂടത്തിന്റെ മഴവെള്ളക്കൊയ്ത്ത് ഡോക്യുമെന്ററിയിൽ സ്ഥാനം പിടിക്കുകയും ചെയ്തിട്ടുണ്ട്.

ഇനിയും ഇത്തരത്തിലുള്ള സാമൂഹ്യപ്രവർത്തനങ്ങളിൽ നമ്മുടെ പങ്കാളിത്തം കൂടു തൽ ഉണ്ടാകണമെന്നാണ് കമ്മിറ്റിയുടെ ആഗ്രഹം. ഒട്ടനവധി കാര്യങ്ങൾ കൂട്ടത്തിൽ ചെയ്യു വാൻ കഴിയുമായിരുന്നത് ഞങ്ങളുടെ ബോധപൂർവ്വമല്ലാത്ത അശ്രദ്ധകൊണ്ട് വിട്ടുപോയി ട്ടുണ്ടാകാം. അതുപോലെ മഹല്ലിന്റെ പുരോഗതിക്കും വളർച്ചയ്ക്കും അനുഗുണമായ പല പദ്ധതികളും നടപ്പാക്കുന്നതിലും ഞങ്ങൾക്ക് ബോധപൂർവ്വമല്ലാത്ത വീഴ്ചപറ്റിയിട്ടുണ്ടാ കാം. ഞങ്ങളുടെ വീഴ്ചകൾ മനഃപൂർവ്വമല്ലാത്തതിനാൽ നാഥന്റെ സഹായങ്ങൾ ഇനിയു മുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. പ്രവർത്തന കാലയളവിൽ ഏറെ പേർ ഞങ്ങളെ

സഹായിച്ചതിൽ കമ്മിറ്റിക്ക് കൃതജ്ഞതയുണ്ട്. ഒരു ബാലറ്റ് പോരാട്ടത്തിൽ ഈ കമ്മിറ്റിയെ അസൂയാവഹമായ ഭൂരിപക്ഷത്തിൽ തെരഞ്ഞെടുത്ത മഹല്ല് അംഗങ്ങൾക്ക് കമ്മിറ്റി നന്ദി രേഖപ്പെടുത്തുന്നു. അവരുടെ ആഗ്രഹങ്ങൾക്ക് അനുസരിച്ചുള്ള പ്രവർത്തനങ്ങളുടെ പൂർണ്ണതയിലെത്താൻ ഞങ്ങൾക്ക് ആയിട്ടുണ്ടോ എന്നതിന്റെ വിധിപറയലിന് സർവ്വശക്തനോട് അഭ്യർത്ഥിക്കുന്നു. കാരണം ഞങ്ങളുടെ മനസ്സിൽ എന്നും പുണ്യ പൗരാണികമായ ഈ പള്ളിയുടെ നന്മയും മേന്മയും യശസ്സും മാത്രമായിരുന്നു. ഞങ്ങളുടെ ചിന്തകളിൽ മഹല്ല് അംഗങ്ങളുടെ എല്ലാവിധത്തിലുള്ള പുരോഗതിയും വികസനവും മാത്രമായിരുന്നു. എല്ലാം അറിയുന്നവൻ നാഥൻ മാത്രമായതിനാൽ ഞങ്ങൾക്ക് ലഭിക്കുന്ന സഹായവും ആത്മവിശ്വാസവും അളവറ്റതാണ്.

മഹല്ലിന്റെ കണക്കുകൾ ഓഡിറ്റ് ചെയ്തു തന്നെ ആദരണീയരായ ജനാബ് എൻ.എ. അലി, ജനാബ് സി.എ. അബ്ദുൾ റഷീദ് എന്നിവർക്കും കമ്മറ്റി നന്ദി രേഖപ്പെടുത്തുന്നു. ദീർഘകാലമായി എൻ.എ. അലി മഹല്ലിന്റെ ആഡിറ്ററായി സേവനം ചെയ്തുവരുന്നു. ശാരീരിക അസ്വസ്ഥതകൾക്കിടയിലും നമ്മുടെ പള്ളിക്ക് വേണ്ടി സേവനം ചെയ്ത എൻ.എ. അലിയേയും, സി.എ.അബ്ദുൾ റഷീദ് അവർകളേയും കമ്മറ്റി നന്ദി അറിയിക്കുന്നു.

മഹല്ല് ഭരണ ഘടനയുടെ ജനാധിപത്യമൂല്യം ഉയർത്തിപ്പിടിച്ച് കുറ്റമറ്റ രീതിയിൽ തെരഞ്ഞെടുപ്പ് പ്രക്രിയകൾ പൂർത്തീകരിച്ച റിട്ടേണിംഗ് ഓഫീസർ സി.വൈ. സലീം, അസി. റിട്ടേണിംഗ് ഓഫീസർ നവാസ് പടുവിങ്ങൽ എന്നിവരോടുള്ള കൃതജ്ഞതയും രേഖപ്പെടുത്തട്ടെ. മഹല്ലിന്റെ ഭരണഘടന അനുശാസിക്കുന്ന പ്രകാരം വ്യക്തമായ തെരഞ്ഞെടുപ്പ് ചട്ടങ്ങൾ പൂർത്തീകരിക്കുക വഴി നമ്മുടെ വ്യവസ്ഥാപിതമായ നിയമങ്ങളുടെ വിജയവും അതുവഴി ഈ മഹല്ലിന്റെ കഴിവും ഐക്യവും പൊതുജന മധ്യത്തിൽ അംഗീകരിക്കുവാൻ കൂടി ഇതുമൂലം നമുക്കായിട്ടുണ്ട്. സർവ്വശക്തൻ അർഹമായ പ്രതിഫലം നൽകട്ടെ.

സമയബദ്ധിതമായി ഇനിയും ഒട്ടേറെ കാര്യങ്ങൾ ഈ മഹല്ലിന് വേണ്ടി ചെയ്ത് തീർക്കേണ്ടതുണ്ട്. ആയതിന് തമ്പുരാൻ മനസ്സും ആരോഗ്യവും നൽകട്ടെയെന്ന് ദുആ ചെയ്യുന്നു. വിമർശനങ്ങളെ എന്നും കമ്മിറ്റി സ്വാഗതം ചെയ്തിട്ടുള്ളതാണ്. വിമർശനങ്ങളിൽ നിന്നും മാത്രമാണ് പാഠങ്ങളും പദ്ധതികളും പ്രതിക്രിയകളും ഉണ്ടാകൂ എന്നതും അനുഭവമാണ്. ഞങ്ങളെ വിമർശിച്ചവരുടെ ലക്ഷ്യം മഹല്ലിന്റെ താല്പര്യങ്ങളുടെ സംരക്ഷണമാണെന്നും മഹല്ല് കമ്മറ്റിയുടെ ലക്ഷ്യവും അത് തന്നെ ആയതിനാൽ ഞങ്ങൾക്ക് ഏറെ ചാരിതാർത്ഥ്യമുണ്ട്. ഞങ്ങളെ സഹായിച്ചവർക്കും, ഞങ്ങളോട് സഹകരിച്ചവർക്കും സ്നേഹബുദ്ധ്യാ മഹല്ലിന്റെ ഗുണകാംക്ഷ മുന്നിൽക്കണ്ട് ഞങ്ങളെ വിമർശിച്ചവർക്കും മഹല്ല് കമ്മറ്റിയുടെ നന്ദി രേഖപ്പെടുത്തുന്നു. ഞങ്ങൾക്ക് ആവശ്യമായ ഉപദേശങ്ങൾ തന്ന് നേരിന്റെ വഴിയിലേക്ക് കൊണ്ടുപോകാൻ ഞങ്ങളെ പ്രാപ്തരാക്കിയ പണ്ഡിതൻമാർക്കും സർവ്വോപരി സർവ്വ ലോക രക്ഷിതാവിനും നന്ദി രേഖപ്പെടുത്തട്ടെ...

പ്രിയപ്പെട്ടവരെ,

നമ്മുടെ വിടർന്ന കണ്ണുകളിലെ സ്വപ്നങ്ങളിലും ഹൃദയതാളങ്ങളിലും ചേരമാൻ ജുമാ മസ്ജിദ് ഒരു അഭിമാന സ്തംഭമാണ്. ഓരോ ഭാരതീയനും ഈ പള്ളിയുടെ ചരിത്രത്തിലും പെരുമയിലും പൈതൃകത്തിലും അഭിമാനം കൊള്ളുന്നുണ്ട്. പടർന്നാടുന്ന അഗ്നിനാമ്പുകൾ പോലെ ചേരമാൻ പള്ളിയുടെ ചരിത്രം ലോകം ആവാഹിച്ചെടുക്കുകയാണ്. ഇന്ത്യയിലെ ഇസ്ലാമിന്റെ വരവിനെ യുദ്ധങ്ങളിലൂടെയുള്ള പിടിച്ചടക്കലായ് രക്തപങ്കിലമായ അധ്യായമാക്കിയവർക്കും ചേരമാൻ ജുമാ മസ്ജിദ് ചുട്ടമറുപടിയായി നിലകൊള്ളുന്നു. ഇസ്ലാമിന്റെ ആരംഭം ഇവിടെ നിന്നും തുടങ്ങുന്നുവെന്ന് ഇന്ത്യൻ മുസ്ൽമാന് ശങ്കയില്ലാത്ത

വിധം ലോകത്തോട് വിളിച്ചുപറയാൻ രാജ്യത്തിന്റെ ചരിത്രത്തിലേക്ക് നമ്മുടെ പള്ളി ആഴ്ന്നിറങ്ങിയിരിക്കുകയാണ്. അതുകൊണ്ട് തന്നെ ഓരോ മഹല്ല് അംഗവും ഈ ചരിത്ര വസ്തുതയുടെ പിൻമുറക്കാരാണെന്ന ബോധം ഉൾക്കൊള്ളേണ്ടതുണ്ട്. ഹൃദയവിശാലതയോടെ നാമതിനെ ഏറ്റെടുത്ത് സമൂഹ മധ്യത്തിലേക്ക് ഇറങ്ങി നമ്മുടെ സ്ഥാനം ഉറപ്പിക്കേണ്ടിയിരിക്കുന്നു. മഹാന്മാരായ സഹാബി വര്യമാരുടെ കാൽപ്പാടുകളും അവർ പകർന്ന് തന്ന ഇസ്‌ലാമിക ചിന്തകളുടെ വെളിച്ചവും മുറുകെ പിടിച്ച് ഈ മഹല്ലിനെ മുന്നോട്ട് നയിക്കാൻ നാഥൻ നമുക്ക് പ്രാപ്തി തരട്ടെ! നന്മയുടേയും സ്നേഹത്തിന്റേയും മതേതരത്വത്തിന്റേയും സാംസ്കാരിക പ്രവർത്തനങ്ങളുടേയും ശ്രദ്ധാകേന്ദ്രമാകാൻ നമ്മുടെ പള്ളിക്ക് സർവ്വശക്തൻ അനുഗ്രഹം നൽകട്ടെ എന്ന് ദുആ ചെയ്തുകൊണ്ട് ഈ റിപ്പോർട്ട് പൊതുയോഗത്തിന്റെ ചർച്ചയ്ക്ക് സമർപ്പിക്കുന്നു.

**മഹല്ല് കമ്മറ്റിക്ക് വേണ്ടി,**
**എസ്.എ. അബ്ദുൽ കയ്യൂം** (ഒപ്പ്)
സെക്രട്ടറി, ചേരമാൻ മഹല്ല് കമ്മറ്റി

## ചേരമാൻ ജുമാ മസ്ജിദ് 2016–2017 വർഷത്തെ സപ്ലിമെന്ററി ബഡ്ജറ്റ് പൊതുയോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

| നമ്പർ | ഇനം | പ്രതീക്ഷിച്ച ചെലവ് | യഥാർത്ഥ ചെലവ് | അധിക ചെലവ് |
|---|---|---|---|---|
| 1 | ശമ്പളം, അലവൻസ് | 47,00,000.00 | 50,19,757.00 | 3,19,757.00 |
| 2 | മദ്രസ്സ ഗ്രാന്റ് | 3,00,000.00 | 3,30,000.00 | 30,000.00 |
| 3 | പെൻഷൻ | 1,80,000.00 | 1,81,700.00 | 1,700.00 |
| 4 | നികുതി | 3,00,000.00 | 3,52,718.00 | 52,718.00 |
| 5 | മഹല്ല് അംഗങ്ങൾക്കല്ലാത്ത സഹായം | 30,000.00 | 39,500.00 | 9,500.00 |
| 6 | റാത്തീബ് | 30,000.00 | 30,239.00 | 239.00 |
| 7 | യാത്ര | 25,000.00 | 30,210.00 | 5,210.00 |
| 8 | മെസ്സ് | 2,80,000.00 | 3,03,798.00 | 23,798.00 |
| 9 | നബിദിനാഘോഷം | 1,00,000.00 | 1,01,191.00 | 1,191.00 |
| 10 | കേരള വഖഫ് ബോർഡ് | 2,50,000.00 | 3,22,027.00 | 72,027.00 |
| 11 | ഉഴുവത്ത്കടവ് മസ്ജിദ് | 1,10,000.00 | 3,10,000.00 | 2,00,000.00 |
| 12 | ബിൽഡിംഗ് മെയിന്റനൻസ് | 25,000.00 | 61,039.00 | 36,039.00 |
| 13 | മസ്ജിദ് | 7,00,000.00 | 8,42,411.00 | 1,42,411.00 |
| 14 | പുരപണി | 1,00,000.00 | 1,31,200.00 | 31,200.00 |
| 15 | പഠനസഹായം | 3,00,000.00 | 3,32,970.00 | 32,970.00 |
| 16 | ചെക്ക് കമ്മീഷൻ | 500.00 | 597.00 | 97.00 |
| | | | ആകെ | **9,58,857.00** |

# മഹല്ല് മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട്

പ്രിയരെ, അസ്സലാമുഅലൈക്കും

പൊതുയോഗ തീരുമാനങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് പരിശോധിക്കാൻ 01-06-2014 ൽ കൂടിയ മഹല്ല് പൊതുയോഗം റിട്ടേണിംഗ് ഓഫീസർ അദ്ധ്യക്ഷനായും, അസി. റിട്ടേണിംഗ് ഓഫീസർ രണ്ട് ഓഡിറ്റർമാർ മഹല്ല് പ്രസിഡന്റ് എന്നിവർ അംഗങ്ങളായും മോണിറ്ററിംഗ് സമിതിയെ നിയമിച്ചിട്ടുണ്ട്. 14-06-2015 ൽ കൂടിയ പൊതുയോഗത്തിൽ 5 വർഷത്തെ പൊതുയോഗ റിപ്പോർട്ടുകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും, 14.05.2016ൽ കൂടിയ പൊതുയോഗത്തിൽ 14.06.2015ലെ പൊതുയോഗ മിനിറ്റ്സും പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത് ഓർക്കുമല്ലോ. 14.04.2017 ൽ കൂടിയ മോണിറ്ററിംഗ് കമ്മറ്റി യോഗം 14.05.2016 ലെ പൊതുയോഗ മിനിറ്റ്സ് പരിശോധിക്കുകയും ടി മിനിറ്റ്സിലെ തീരുമാനങ്ങളായ താഴെ പറയുന്ന കാര്യങ്ങളിൽ നടപടികൾ ഉണ്ടായിട്ടില്ലെന്ന് പൊതുയോഗത്തിന്റെ ശ്രദ്ധയിൽ പെടുത്തുന്നു.

1. കാവിൽക്കടവ് നൂറുൽ യഖീൻ മദ്രസ്സ ഏറ്റെടുക്കുന്നതിന് പൊതുയോഗം അംഗീകാരം നൽകിയിരുന്നുവെങ്കിലും, സ്ഥാപനത്തിന്റെ കൈവശാവകാശരേഖകൾ മഹല്ലിന്റെ പേരിലേക്ക് മാറ്റിയിട്ടില്ല (തീരുമാനം നമ്പർ 13/14.05.2016).

2. അഞ്ചപ്പാലം, ടി.കെ.എസ്. പുരം മദ്രസ്സകളുടെ വിപുലീകരണം നടപ്പിലായിട്ടില്ല. (തീരുമാനം നമ്പർ 15/14.05.2016).

3. വടക്കേപറമ്പിലെ കൊമേഴ്സ്യൽ കോംപ്ലക്സ് അടക്കമുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ സാധ്യതകൾ ആരായാനുമുള്ള തീരുമാനത്തിലും നടപടി ഉണ്ടായിട്ടില്ല. (തീരുമാനം 16/14.05.2016).

മേൽ കാര്യങ്ങളിൽ നൂറുൽ യഖീൻ മദ്രസ്സയുടെ ഉടമസ്ഥാവകാശ രേഖകൾക്ക് മഹല്ലിന്റെ പേരിലേക്ക് മാറ്റാനുള്ള ഊർജ്ജിത ശ്രമങ്ങൾ നടത്തിയിട്ടുണ്ടെന്നും, അഞ്ചപ്പാലം, ടി.കെ.എസ്. പുരം മദ്രസ്സകളുടെ വിപുലീകരണത്തിന് സ്ഥലം വാങ്ങാനുള്ള പദ്ധതികൾ മഹല്ലിന്റെ പരിഗണനയിലാണെന്നും, വടക്കേപറമ്പിൽ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ മഹല്ലിന്റെ സാമ്പത്തിക ഭദ്രത വരുന്ന മുറയ്ക്ക് ആലോചിക്കുമെന്നും മോണിറ്ററിംഗ് കമ്മിറ്റി അംഗം കൂടിയായ മഹല്ല് പ്രസിഡന്റ് ഡോ. പി.എ. മുഹമ്മദ് സഈദ് മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിൽ വ്യക്തമാക്കിയിട്ടുണ്ടെന്നും അറിയിക്കുന്നു.

മഹല്ല് മോണിറ്ററിംഗ് കമ്മറ്റിയ്ക്കുവേണ്ടി

17.04.2017 **സി.വൈ. സലീം (ചെയർമാൻ)**

## ചേരമാൻ ജുമാ മസ്ജിദ് മഹല്ല് കമ്മറ്റിയുടെ
## 01-04-2016 മുതൽ 31-03-2017 വരെയുള്ള കാലയളവിലെ

# ഓഡിറ്റ് റിപ്പോർട്ട്

ചേരമാൻ ജുമാമസ്ജിദ് മഹല്ല് ഭരണസമിതിയുടെ ഒരു വർഷത്തെ വരവ് ചെലവ് കണക്കുകളും താഴെ പറയുന്ന രേഖകളും വിശദമായ പരിശോധനയ്ക്ക് വിധേയമാക്കി.

1. രശീതി ബുക്ക്, 2.വൗച്ചർ, 3. പേരേട്, 4. നാൾവഴി, 5. മഖ്ബറ കൂപ്പൺ, സ്റ്റോക്ക് രജിസ്റ്റർ
6. വിവാഹ സഹായനിധി, രശീതി, നാൾവഴി, വൗച്ചർ, 7. ബാങ്ക് പാസ്ബുക്ക്,
8. മിനിറ്റ്സ് ബുക്ക്, 9. ലോൺ രജിസ്റ്റർ, 10. വാടക രജിസ്റ്റർ, 11. ഗോൾഡ് രജിസ്റ്റർ
12. അക്വിറ്റൻസ് രജിസ്റ്റർ, 13. അറ്റന്റൻസ് രജിസ്റ്റർ, 14. രശീതി രജിസ്റ്റർ
15. സക്കാത്ത്, ഫിത്വർ സക്കാത്ത്, വുളുഹിയത്ത് എന്നിവയുടെ വൗച്ചർ, രശീതി, നാൾവഴി

മേൽരേഖകളെല്ലാം കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ്, സക്കാത്ത്, ഫിത്വർ സക്കാത്ത്, വുളുഹിയത്ത്, സമൂഹവിവാഹം എന്നിവയുടെ വരവ്-ചെലവ് സ്റ്റേറ്റ്മെന്റും ഇതോടൊപ്പം ചേർക്കുന്നു. പരിശോധിച്ച കണക്കുകളിൽ കാര്യമായ അപാകതകൾ ഇല്ല എന്നു പറയുന്നതിൽ സന്തോഷമുണ്ട്. ശ്രദ്ധയിൽപെട്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1. ശമ്പളത്തിന്റെ 15%ത്തിൽ അധികം എല്ലാ മാസവും അഡ്വാൻസ് നൽകിവരുന്നു. വ്യവസ്ഥാപിതമായി നടന്നു വരുന്ന ഇതര സ്ഥാപനങ്ങളിൽ ഇപ്രകാരം അഡ്വാൻസ് നൽകുന്നത് ഇല്ലാത്തതാണ്. എല്ലാ മാസവും കൃത്യമായി ശമ്പളം നൽകാറുണ്ടെങ്കിലും ചിലർക്ക് മാത്രം ഒന്നിലധികം പ്രാവശ്യം അഡ്വാൻസ് പലപ്പോഴും നൽകി കാണുന്നു. ഇത് സുഗമമായ കണക്ക് പരിശോധനയ്ക്ക് തടസ്സമാവുന്നുണ്ട്. ശമ്പളം അഡ്വാൻസ് നൽകുന്നത് പാടേ ഒഴിവാക്കേണ്ടതാണ്. ശമ്പളം ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യാൻ സൗകര്യം ചെയ്യുന്നു.

2. ആംബുലൻസ് ചെലവ് 46,689 ക.യും, വരവ് 5,300 ക. യും ആണ്. മഹല്ല് ഫണ്ടിൽ നിന്ന് അമിത ചെലവ് വരാത്ത വിധം ആംബുലൻസിന്റെ വരവ് കണ്ടെത്തണം.

1. ശമ്പളം അഡ്വാൻസ് നൽകുന്നത് പാടേ ഒഴിവാക്കുന്നുണ്ട്. ശമ്പളം ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യാനുള്ള നടപടികളും ഉടൻ ചെയ്യുന്നതാണ്.

2. ആംബുലൻസിന്റെ സർവ്വീസ്, പാർട്ട്സുകളുടെ വില എന്നീ ഇനങ്ങളിലാണ് ചെലവുകൾ വന്നിട്ടുള്ളത്. ചാരിറ്റി പ്രവർത്തനമായതിനാൽ മറ്റ് ആംബുലൻസ് സർവ്വീസുകൾ ഈടാക്കുന്നത് പോലെ നമുക്ക് പണം ഈടാക്കാൻ പരിമിതികളുണ്ട്. നമ്മുടെ ആംബുലൻസ്

ആശ്രയിക്കുന്നവരിൽ നിന്ന് ഇന്ധന ചെലവ് മാത്രമാണ് വാങ്ങുന്നത്. അടിയന്തിര ഘട്ടങ്ങളിൽ ഇന്ധന ചെലവ് പോലും വാങ്ങാറില്ല.

3. അഞ്ചപ്പാലം, ടി.കെ.എസ്. പുരം നമസ്ക്കാരപ്പള്ളികളുടെ സൗകര്യം വർദ്ധിപ്പിക്കാനുള്ള പൊതുയോഗ തീരുമാനം നടപ്പിലായിട്ടില്ല.

3. ടി മദ്രസ്സകളുടെ കെട്ടിട സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് മുമ്പായി സ്ഥല സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ കമ്മിറ്റി ശ്രമിച്ചതിനാലാണ് കെട്ടിട സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന ജോലി ചെയ്യാൻ കഴിയാതിരുന്നത്. ഇൻശാ അല്ലാഹ് ഈ പ്രവർത്തന വർഷം ഈ രണ്ട് ജോലികളും പൂർത്തീകരിക്കുന്നതാണ്. പ്രവർത്തന റിപ്പോർട്ടിൽ ഈ കാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്.

4. മഹല്ലിന്റെ വിദ്യാഭ്യാസസഹായത്തിൽ ഏകദേശം 50% ത്തോളം സെക്കന്ററി മദ്രസ്സകളിലെ വിദ്യാർത്ഥികളെ കൊണ്ടുവരുന്ന ഓട്ടോറിക്ഷ വാടക ഇനത്തിൽ ചെലവ് ചെയ്തിട്ടുണ്ട്. 1,29,750 രൂപയാണ് ഇപ്രകാരം 40 കുട്ടികളുടെ യാത്രയ്ക്കായി ഉപയോഗിച്ചിട്ടുള്ളത്. ശമ്പളം ഉൾപ്പെടെ 2 ലക്ഷം രൂപ 8 മാസം കൊണ്ട് മഹല്ല് കമ്മിറ്റി സെക്കന്ററി മദ്രസ്സയുടെ ആവശ്യത്തിന് വേണ്ടി ചെലവഴിച്ച് കഴിഞ്ഞു. ജീവനക്കാർക്ക് മാന്യമായ ശമ്പളം ഇപ്പോൾ തന്നെ നൽകുന്നുണ്ട്. അതുകൊണ്ട് തന്നെ മഹല്ല് ഏൽപ്പിക്കുന്ന ദീനിപരമായ ചുമതലകൾ പാലിക്കാൻ അവർ ബാദ്ധ്യസ്ഥരുമാണ്. എന്നിട്ടും അഡീഷണൽ അലവൻസ് നൽകുന്നത് ശരിയല്ല.

4. ഓഡിറ്റ് പരാമർശത്തിലുള്ള വിഷയം മഹല്ല് കമ്മിറ്റിയുടെ പ്രവർത്തന റിപ്പോർട്ടിൽ കമ്മിറ്റി വിശദീകരിച്ചിട്ടുണ്ട്. വൻ സാമ്പത്തിക ചെലവ് ഈ ഇനത്തിൽ വന്നിട്ടുണ്ടെങ്കിലും മഹല്ലിന്റെ ഉന്നത ദീനി പഠനം മഹല്ല് അംഗങ്ങളുടെ അതീവമായ ആഗ്രഹമാണ്. തുടക്കം എന്ന നിലയിലാണ് മഹല്ല് കമ്മിറ്റി ചെലവുകൾ വഹിക്കുന്നത്. സെക്കന്ററി, ഹയർ സെക്കന്ററി മദ്രസ്സകളുടെ പ്രവർത്തനം മഹല്ലിൽ വ്യാപകമാവുമ്പോൾ ഈ ചെലവുകൾ ഒഴിവാക്കാൻ കഴിയുന്നതും കുട്ടികൾ സ്വയമേവ മദ്രസ്സകളിൽ എത്തുമെന്നുമാണ് കമ്മിറ്റി പ്രതീക്ഷിക്കുന്നത്. 4 ജീവനക്കാർക്ക് നൽകുന്ന അഡീഷണൽ വേതനം അവരുടെ ജോലിഭാരം കണക്കിലെടുത്താണ്.

5. മഹല്ല് ഏറ്റെടുക്കുന്നതിന് മുമ്പുള്ള കാവിൽകടവ് മസ്ജിദ് നിർമ്മാണത്തിന്റെ കടബാധ്യത തീർക്കാൻ 21.10.2016 വൗച്ചർ 1696/16, 11.11.16, 1916/16 എന്നിവ പ്രകാരം ആകെ 60,000 ക. ചെലവഴിച്ചിട്ടുണ്ട്. ടി നിർമ്മാണ പ്രവർത്തനങ്ങളുടെ കണക്ക് ഓഡിറ്റിന് പരിശോധനയ്ക്ക് വിധേയമായിട്ടുണ്ടെങ്കിലും ടി നിർമ്മാണപ്രവർത്ത

5. കാവിൽക്കടവ് മസ്ജിദിന്റെ നിർമ്മാണ പ്രവർത്തനത്തിന് പ്രാദേശിക കമ്മിറ്റി പലരിൽ നിന്നും കടം വാങ്ങിയ ബാധ്യത ഉൾപ്പെടെയാണ് ടി മസ്ജിദ് മഹല്ല് കമ്മിറ്റി ഏറ്റെടുത്തിട്ടുള്ളത്. കണക്കുകൾ സൂക്ഷിക്കുന്നതിൽ അപാകതകൾ സംഭവിച്ചിട്ടുണ്ടെങ്കിലും കടബാധ്യതയെ കുറിച്ച് മഹല്ല് കമ്മിറ്റിക്ക് പൂർണ്ണമായി ബോധ്യമുള്ളതാണ്. കണക്കുകൾ

നങ്ങളുമായ വരവ് ചെലവ് കണക്കുകൾക്ക് ആധികാരികത ഇല്ലാത്തതുമായതിനാൽ അംഗീകരിക്കാൻ നിവൃത്തിയില്ലാത്തതുമാണ്. കൃത്യമായ വൗച്ചറുകളോ രശീതിയോ ഹാജരാക്കിയ രേഖകളിൽ ഇല്ലാത്തതും മേൽനൽകിയ 60,000 രൂപ മഹല്ല് പൊതുയോഗത്തിന്റെ അംഗീകാരമില്ലാത്തതുമായതിനാൽ ചെലവ് അംഗീകരിക്കാൻ നിവൃത്തിയില്ലാത്തതാണ്.

ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് കമ്മിറ്റി തീരുമാനിച്ചിരുന്നത് അതിന്റെ ആധികാരികതയ്ക്ക് വേണ്ടിയാണ്. പ്രാദേശിക കുടുംബങ്ങളുടെ യോഗം വിളിച്ചുകൂട്ടി കടബാധ്യതകളെ കുറിച്ചുള്ള വിശദീകരണം വാങ്ങിയിട്ടുള്ളതുമാണ്. വാർഷിക പൊതുയോഗത്തിന്റെ അംഗീകാരത്തിന് ശേഷം മാത്രം മഹല്ല് കമ്മിറ്റി ബാധ്യതകൾ കൊടുത്തു തീർത്താൽ മതിയെന്ന് തീരുമാനിച്ചിരുന്നുവെങ്കിലും 60,000 രൂപ വായ്പ നൽകിയ മഹല്ല് അംഗം അസുഖ ബാധിതനായി കിടപ്പിലായതിനാൽ ചികിത്സയ്ക്ക് വകയില്ലാത്ത അവസ്ഥയിൽ ടി സംഖ്യ അടിയന്തിരമായി തിരിച്ചുകൊടുക്കേണ്ടതാണെന്ന് കമ്മിറ്റിക്ക് ബോധ്യപ്പെട്ടതിനാലാണ് സംഖ്യ നൽകിയത്.

6. കോട്ടപ്പുറം മസ്ജിദിന്റെ പഴയകെട്ടിടത്തിന്റെ മേൽക്കൂര അറ്റകുറ്റപ്പണികൾ നടത്തിയതിന് ഏകദേശം 28,000 രൂപയോളം ചെലവ് ചെയ്തിട്ടുണ്ട്. പഴകി തകർച്ച നേരിടുന്ന ടി കെട്ടിടത്തിന് അനാവശ്യമായ അറ്റക്കുറ്റപ്പണികൾ ചെയ്തതിന് പകരം പുതിയ പദ്ധതി നടപ്പിലാക്കിയാൽ അറ്റകുറ്റപ്പണികളുടെ നഷ്ടം ഒഴിവാക്കാമായിരുന്നു.

6. കോട്ടപ്പുറം മസ്ജിദിന്റെ പഴയ മദ്രസ്സ കെട്ടിടം പൊളിച്ച് മാറ്റി പുതിയ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കേണ്ടത് അനിവാര്യമാണ്. എന്നാൽ മഹല്ല് പൊതുയോഗം ഇക്കാര്യത്തിൽ തീരുമാനമെടുക്കാത്തത് കൊണ്ടും ഫണ്ടിന്റെ അപര്യാപ്തതയും പുതിയ കെട്ടിടം അടിയന്തിരമായി നിർമ്മിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ആയതുകൊണ്ടാണ് തൽക്കാലം അറ്റകുറ്റപ്പണികൾ നടത്തിയത്.

7. മഹല്ലിന്റെ മദ്രസ്സ ട്യൂഷൻ ഇനത്തിലെ ചെലവ് 360500 ക. യാണ്. സർക്കാർ ഗ്രാന്റ് ഈ ഇനത്തിൽ ലഭിക്കാത്തതിനാലും മഹല്ലിന്റെ സാമ്പത്തിക സ്ഥിതി വിലയിരുത്തിയും ട്യൂഷൻ ക്ലാസ്സുകൾ തുടർന്ന് നടത്തേണ്ടതുണ്ടോ എന്ന് ആലോചിക്കണം.

7. മഹല്ലിന്റെ സാധാരണക്കാരായ വിദ്യാർത്ഥികൾ നമ്മുടെ സൗജന്യ ട്യൂഷൻ ആശ്രയിച്ച് പഠിക്കുന്നുണ്ട്. അതുകൊണ്ട് തന്നെ സർക്കാർ ഫണ്ട് ലഭ്യമല്ലെങ്കിലും മഹല്ലിന്റെ സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി സൗജന്യ ട്യൂഷൻ തുടർന്ന് കൊണ്ടു പോകണമെന്നാണ് കമ്മിറ്റിയുടെ തീരുമാനം.

8. പി.എസ്.സി. ക്ലാസ്സുകളും ഓഫീസ് റൂമുകളും ക്രമീകരിക്കുന്നതിന് 3,70,160 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ നിന്നും മഹല്ലിന് വരുമാനം കണ്ടെത്താനുള്ള മാർഗ്ഗങ്ങൾ ആരായേണ്ടതാണ്.

8. ഏകദേശം 1,600 സ്ക്വയർഫീറ്റ് കെട്ടിടം ന്യൂനപക്ഷക്ഷേമ വകുപ്പിന് പി.എസ്.സി. തൃശൂർ ജില്ലാ ട്രെയിനിംഗ് സെന്റർ നടത്തുന്നതിന് ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി മഹല്ല് കമ്മിറ്റി

9. മഹല്ലിന്റെ വാടക കെട്ടിടങ്ങളുടെ വാടക ഈടാക്കുന്നതിൽ ന്യായീകരണമില്ലാത്ത വീഴ്ച ഉണ്ടായിട്ടുണ്ട്. കൃത്യമായി മാസങ്ങളിൽ വാടക ഈടാക്കാതെ പല വാടകക്കാരും ഫെബ്രുവരി മാർച്ച് മാസങ്ങളിലാണ് വാടക മുടക്കം തീർക്കുന്നത്. 1. ഖദീജാബീ, കിഴക്കേവളപ്പിൽ, മേത്തല, 2. റിയാസ്, കാട്ടകത്ത്, എസ്.എൻ. പുരം, 3. മുഹമ്മദ് ഷാജി, ചന്ദനപറമ്പിൽ, പുല്ലൂറ്റ്, 4. ജാസ്മിൻ, ആളംപറമ്പിൽ തുടങ്ങിയവരുടെ വാടക ഇനത്തിൽ വൻസംഖ്യയാണ് പിരിഞ്ഞു കിട്ടാനുള്ളത്. ഇതിൽ 1, 2, 4 നമ്പറുകാരുടെ വാടക കുടിശിക 1 വർഷത്തിൽ അധികമായതിൽ ഓഡിറ്റ് അത്ഭുതപ്പെടുന്നു. വാടക കുടിശ്ശിക ഈടാക്കുന്നതിന്റെ തുടർ നടപടിയും കമ്മിറ്റിയിൽ നിന്ന് സ്വീകരിച്ചതായി കാണുന്നില്ല. ഇതിന് യാതൊരു ന്യായീകരണവും ഇല്ലാത്തതാണ്.

10. സക്കാത്ത് ഫണ്ട് വിതരണത്തിൽ നിയന്ത്രണങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും പരിപൂർണ്ണമായും അർഹതപ്പെട്ടവർക്കാണ് നൽകിയതെന്ന് കരുതുന്നില്ല. കമ്മിറ്റി അംഗങ്ങൾ വ്യക്തികളുടെ മുഖം നോക്കാതെ സത്യസന്ധമായി അർഹതപ്പെട്ടവരെ കണ്ടെത്തേണ്ടതാണ്.

നൽകിയിട്ടുണ്ട്. ടി കെട്ടിടത്തിന് P.W.D. നിരക്കിൽ വാടക ലഭിക്കുന്നതിന് മഹല്ല് കമ്മിറ്റി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

9. ഓഡിറ്റ് പരാമർശം ശരിയാണ്. നമ്മുടെ കെട്ടിടത്തിൽ നടത്തുന്ന ബിസിനസ്സുകൾ പുതിയതായതിനാൽ പലപ്പോഴും പ്രതീക്ഷക്കൊത്ത് വിജയത്തിലേക്കെത്തിയിട്ടില്ല. ആയതുകൊണ്ട് തന്നെ പലപ്പോഴും യഥാസമയങ്ങളിൽ വാടക ഈടാക്കാൻ കഴിയാറില്ല. എന്നിരുന്നാലും സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് പരമാവധി വാടക പിരിച്ചെടുത്തിട്ടുണ്ട്. മാർച്ച് 31 മുമ്പായി അടക്കാതിരുന്നവരിൽ നിന്ന് ഏപ്രിൽ മാസത്തിൽ അവരുടെ വാടക കുടിശ്ശിക ഈടാക്കിയിട്ടുണ്ട്. വാടക പിരിയ്ക്കുന്നതിൽ കമ്മിറ്റി കൂടുതൽ ശ്രദ്ധ ചെലുത്തുമെന്ന് അറിയിക്കുന്നു.

10. സക്കാത്ത് ഫണ്ടിന്റെ ഉപഭോക്താക്കളെ കണ്ടെത്തുന്നത് അതാത് പ്രദേശത്തെ അഡ്വൈസറി കമ്മിറ്റി അംഗങ്ങളുടെ കൂട്ടായ തീരുമാനപ്രകാരമാണ്. മഹല്ല് കമ്മിറ്റി അംഗത്തിന് ഇക്കാര്യത്തിൽ യാതൊരു സ്വാധീനവും ചെലുത്തുവാൻ കഴിയില്ല. ആയതുകൊണ്ട് തന്നെ ഇത് ഏറെ സുതാര്യവുമാണ്.

# ഓഡിറ്റ് നിർദ്ദേശങ്ങൾ

1. നിരവധി ടൂറിസ്റ്റുകളും സന്ദർശകരും എത്തിച്ചേരുന്ന അന്താരാഷ്ട്ര പ്രാധാന്യമുള്ള സ്ഥലമാണ് നമ്മുടെ പള്ളിയും പരിസരവും. പള്ളിയിലേക്ക് സംഭാവന നൽകുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് വേണ്ടിയും സന്ദർശകർക്ക് എളുപ്പത്തിൽ പണം കണ്ടെത്താൻ പള്ളിയുടെ പരിസരത്ത് മറ്റ് വഴികളില്ലാത്തതിനാൽ നാഷണലൈസ്ഡ് ബാങ്കുകളുമായി ബന്ധപ്പെട്ട് എ.ടി.എം. കൗണ്ടർ സ്ഥാപിക്കാൻ നടപടി എടുക്കുന്നത് ഉചിതമായിരിക്കും.

2. കടുക്കച്ചുവട് മസ്ജിദ് & മദ്രസ്സയുടെ വികസനത്തിന് സ്ഥലം വാങ്ങുന്നതിന് നാളുകളായുള്ള ആവശ്യം പരിഗണിച്ച് സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും മഹല്ലിന് വസ്തു വാങ്ങിയ കമ്മിറ്റിയെ അഭിനന്ദിക്കുന്നു.

3. മഹല്ലിന്റെ വികസന പദ്ധതികൾക്ക് വേണ്ടി സർക്കാരുമായി മഹല്ല് കമ്മിറ്റി നടത്തി വരുന്ന കത്തിടപാടുകളുടെ ഫയൽ പരിശോധിച്ചതിൽ തൃപ്തി രേഖപ്പെടുത്തുന്നു. മേലിലും ഇത്തരത്തിലുള്ള സജീവമായ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

4. മസ്ജിദ് പ്ലാസയുടെ 75 മുറികളിൽ നിന്ന് 1,62,500 രൂപ, വടക്കേപറമ്പിലെ ഷോപ്പിംഗ് കോപ്ലക്സിൽ നിന്ന് 20,000 രൂപ, മസ്ജിദ് ഷോപ്പിംഗ് കോംപ്ലക്സിൽ നിന്ന് 53,100 രൂപ കടുക്കച്ചുവട് പുതിയ കെട്ടിടത്തിൽ 4,250 രൂപ കോട്ടപ്പുറം മദ്രസ്സ കെട്ടിടത്തിൽ നിന്നും 950 രൂപ എന്നീ ഇനങ്ങളിൽ ഏകദേശം പ്രതിമാസം 2,40,000 രൂപയോളം മഹല്ലിന് വാടക ലഭിക്കുന്നുണ്ട്. മഹല്ലിന് സ്ഥിരമായ വരുമാനമുണ്ടാക്കിയ കമ്മിറ്റിയെ അഭിനന്ദിക്കുന്നു.

5. മഹല്ലിന്റെ ഇമാമുമാർ അവരുടെ ജോലിസമയം കഴിഞ്ഞാൽ വളരെയധികം സമയം മറ്റു ജോലികൾ ഒന്നുമില്ലാതെ സമയം പാഴാക്കി കളയുന്നുണ്ട്. മഹല്ലിന്റെ ദീനി പ്രബോധനരംഗത്തേക്കും, മഹല്ല് അംഗങ്ങളുടെ സാമൂഹിക ഉന്നമനത്തിനും ബോധവൽക്കരണത്തിനും ഈ സമയം ഉപയോഗിക്കാൻ മഹല്ല് കമ്മിറ്റി നിർദ്ദേശം നൽകേണ്ടതും അതുവഴി മഹല്ലിന് ദീനീ പരമായ മുന്നേറ്റമുണ്ടാക്കാൻ അവസരം ഒരുക്കേണ്ടതുമാണ്.

5. മഹല്ലിന്റെ വരവ് ചെലവ് കണക്കുകൾ പരിശോധിച്ചതിൽ ഓഡിറ്റ് പരിപൂർണ്ണ തൃപ്തരാണ്. മസ്ജിദ് വക റെക്കോർഡുകൾ കൃത്യമായി സൂക്ഷിച്ചിട്ടുള്ളതും, തെറ്റുകൾ കൂടാതെ എഴുതിയിട്ടുള്ളതിലും ബന്ധപ്പെട്ട ഓഫീസ് ജീവനക്കാരെ പ്രത്യേകം അഭിനന്ദിക്കുന്നു.

ഓഡിറ്റേഴ്സ്

**എൻ.എ. അലി** (ഒപ്പ്)

**സി.എ. അബ്ദുൾ റഷീദ്** (ഒപ്പ്)

# ചേരമാൻ ജുമാ മസ്ജിദ് ഭരണസമിതി

## വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2016-2017

| നമ്പർ | വരവ് | സംഖ്യ | നമ്പർ | ചെലവ് | സംഖ്യ |
|---|---|---|---|---|---|
| 1. | സംഭാവന | 29,38,864.00 | 1. | നികുതി | 3,52,718.00 |
| 2. | ലേലം | 2,63,711.00 | 2. | വിദ്യാഭ്യാസ സഹായം | 3,32,970.00 |
| 3. | ഭണ്ഡാരം | 34,97,112.00 | 3. | വഖ്ഫ് ബോർഡ് | 3,22,027.00 |
| 4. | മഖ്ബറ | 32,84,438.00 | 4. | ചെക്ക് കമ്മീഷൻ | 597.00 |
| 5. | വരിസംഖ്യ | 2,92,660.00 | 5. | മസ്ജിദ് പേരിൽ | 8,42,411.00 |
| 6. | വിവാഹഫോറം | 4,780.00 | 6. | ഇലക്ട്രിസിറ്റി | 2,37,592.00 |
| 7. | വിവാഹഫീസ് | 48,000.00 | 7. | വിവാഹ സഹായം | 1,00,000.00 |
| 8. | മെമ്പർഷിപ്പ് ഫീസ് | 600.00 | 8. | മദ്രസ്സകൾക്ക് നൽകിയ ഗ്രാന്റ് | 3,30,000.00 |
| 9. | സർട്ടിഫിക്കറ്റ് ഫീസ് | 1,600.00 | 9. | ശമ്പളം | 46,11,920.00 |
| 10. | വാടക | 28,00,690.00 | 10. | കെട്ടിടം അറ്റകുറ്റപ്പണികൾ | 61,039.00 |
| 11. | വെളിച്ചെണ്ണ വിറ്റുവരവ് | 1,82,977.00 | 11. | റംസാൻ അലവൻസ് | 4,07,877.00 |
| 12. | പറമ്പിൽ നിന്നുള്ള വരവ് | 9,050.00 | 12. | പറമ്പ് പേരിൽ | 5,825.00 |
| 13. | മരണാനന്തര സഹായ ഫണ്ട് | 3,88,400.00 | 13. | മരണാനന്തര സഹായഫണ്ട് | 2,94,159.00 |
| 14. | പൊതുതാൽപര്യഫണ്ട് | 21,189.00 | 14. | മഹല്ല് അംഗങ്ങളല്ലാത്തവർക്കുള്ള സഹായം | 39,500.00 |
| 15. | ക്യാഷൻ ഡെപ്പോസിറ്റ് | 6,33,000.00 | 15. | ക്യാഷൻ ഡെപ്പോസിറ്റ് റീഫണ്ട് | 4,77,000.00 |
| 16. | ചരിത്ര പുസ്തകം വിൽപ്പന | 30,600.00 | 16. | പൊതുയോഗം | 43,664.00 |
| 17. | റാത്തീബ് | 46,551.00 | 17. | റാത്തീബ് | 30,239.00 |
| 18. | കോട്ടപ്പുറം മദ്രസ്സ | 10,119.00 | 18. | കോട്ടപ്പുറം മസ്ജിദ് & മദ്രസ്സ | 67,577.00 |
| 19. | അഞ്ചപ്പാലം മദ്രസ്സ | 5,595.00 | 19. | അഞ്ചപ്പാലം മദ്രസ്സ | 22,457.00 |
| 20. | വി.പി. തുരുത്ത് മദ്രസ്സ | 7,020.00 | 20. | വി.പി. തുരുത്ത് മദ്രസ്സ | 42,240.00 |
| 21. | ലോൺ തിരിച്ചടവ് | 1,99,500.00 | 21. | ജീവനക്കാർക്ക് നൽകിയ ലോൺ | 1,98,000.00 |
| 22. | നോമ്പ്തുറക്കൽ | 3,56,562.00 | 22. | നോമ്പ് തുറക്കൽ | 3,98,273.00 |
| 23. | വിദേശ കറൻസി മാറിയത് | 41,526.00 | 23. | നബിദിനാഘോഷം | 1,01,191.00 |
| 24. | സ്വർണ്ണംവിറ്റുവരവ് | 12,789.00 | 24. | മെസ്സ് | 3,03,798.00 |
| 25. | വിവാഹ സെസ്സ് | 33,500.00 | 25. | മദ്രസ്സ ട്യൂഷൻ | 3,60,500.00 |
| 26. | വിശ്രമകേന്ദ്രം | 3,15,825.00 | 26. | വിശ്രമകേന്ദ്രം | 6,350.00 |
| 27. | തെരഞ്ഞെടുപ്പ് | 900.00 | 27. | തെരഞ്ഞെടുപ്പ് | 4,000.00 |
| 28. | പുരനിർമ്മാണം, ബക്കറ്റ് കളക്ഷൻ | 1,55,895.00 | 28. | പുരപണി സഹായം | 1,31,200.00 |
| 29. | തബ്ശീറുൽ ഇസ്ലാം മദ്രസ്സ | 5,000.00 | 29. | തബ്ശീറുൽ ഇസ്‌ലാം മദ്രസ്സ | 3,510.00 |
| 30. | ആംബുലൻസ് | 5,300.00 | 30. | ആംബുലൻസ് | 47,284.00 |
| 31. | കടുക്കച്ചുവട് മദ്രസ്സ | 2,180.00 | 31. | കടുക്കച്ചുവട് മദ്രസ്സ | 20,29,727.00 |
| 32. | പി.എസ്.സി. ട്രെയിനിംഗ് ക്ലാസ് | 1,03,500.00 | 32. | പി.എസ്.സി. ട്രെയിനിംഗ് ക്ലാസ് | 3,73,160.00 |
| 33. | ടി.കെ.എസ്. പുരം മദ്രസ്സ | 7,155.00 | 33. | ടി.കെ.എസ്. പുരം മദ്രസ്സ | 51,450.00 |
| 34. | ഉളുഹിയത്ത് അഡ്വാൻസ് റീഫണ്ട് | 7,62,000.00 | 34. | ഉളുഹിയത്ത് അഡ്വാൻസ് | 7,62,000.00 |

# ചേരമാൻ ജുമാ മസ്ജിദ് ഭരണസമിതി

## വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2016-2017

| നമ്പർ | വരവ് | സംഖ്യ | നമ്പർ | ചെലവ് | സംഖ്യ |
|---|---|---|---|---|---|
| 35. | പുരപണി സഹായം മഹല്ലിൽ ഏൽപ്പിച്ച സംഖ്യ | 2,50,000.00 | 35. | ടെലഫോൺ | 22,434.00 |
| | | | 36. | പെൻഷൻ പദ്ധതി | 1,81,700.00 |
| | | | 37. | പത്രം | 945.00 |
| | | | 38. | പോസ്റ്റ് പ്രിന്റിംഗ് സ്റ്റേഷനറി | 75,019.00 |
| | | | 39. | ഹെറിറ്റേജ് മസ്ജിദ് പുനരുദ്ധാരണം | 30,000.00 |
| | | | 40. | നിർമ്മാണപ്രവർത്തനങ്ങൾക്ക് വാങ്ങിയ വായ്പ തിരിച്ച് നൽകിയത് | 13,00,000.00 |
| | | | 41. | നിർമ്മാണപ്രവർത്തനം- സമൂഹവിവാഹ ഫണ്ടിൽ നിന്ന് തിരിച്ച് നൽകിയത് | 7,00,000.00 |
| | | | 42. | ഹെൽത്ത് കെയർ ഇൻസ്റ്റിറ്റ്യൂട്ട് സംഭാവന | 6,000.00 |
| | | | 43. | വി.ഐ.പി. സന്ദർശനം | 19,111.00 |
| | | | 44. | ചികിത്സാ സഹായം | 1,39,750.00 |
| | | | 45. | യാത്രാ ചിലവ് | 30,210.00 |
| | | | 46. | ഉഴുവത്ത്കടവ് മസ്ജിദ് | 3,10,000.00 |
| | | | 47. | കാവിൽകടവ് മസ്ജിദ് | 64,481.00 |
| | | | 48. | ചരിത്രപുസ്തകം പ്രിന്റിംഗ് | 29,200.00 |
| | | | 49. | ലോകമലേശ്വരം മദ്രസ്സ | 2,32,940.00 |
| | | | 50. | താലൂക്ക് ഹോസ്പിറ്റൽ | 7,500.00 |
| | | | | | |
| | ആകെ വരവ് | 1,67,18,588.00 | | ആകെ ചെലവ് | 1,65,41,545.00 |
| | Opening Cash Balance 01-04-16 | 4,578.00 | | Closing Cash Balance 31-03-16 | 3,655.00 |
| | Opening Bank Balance 01-04-16 | 1,54,349.00 | | Closing Bank Balance 31-03-16 | 3,32,315.00 |
| | | 1,68,77,515.00 | | | 1,68,77,515.00 |

## CHERAMAN JUMA MASJID, KODUNGALLUR

Bank Report as on 31.03.2017

| S.L. No. | Bank Name | Account No. | Amount |
|---|---|---|---|
| 1. | Town Co-operative Bank Evening Branch | 1654 | 2,348.00 |
| 2. | Indian Bank | 512068809 | 11,716.00 |
| 3. | Methala Service Bank | 2766 | 1,46,832.00 |
| 4. | Canara Bank | 136359 | 5,385.00 |
| 5 . | HDFC, Kottappuram | 15441770000010 | 20,626.00 |
| 6 . | Federal Bank | 13880100108992 | 1,45,408.00 |
| | **Total** | | **3,32,315.00** |

ഓഡിറ്റേഴ്സ്

**സി.എ. അബ്ദുൾ റഷീദ്** (ഒപ്പ്) **എൻ.എ. അലി** (ഒപ്പ്)

# ചേരമാൻ ജുമാ മസ്ജിദ് ഭരണസമിതി

## വുളുഹിയത്ത് വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2016-2017

| | | | |
|---|---|---|---|
| ഷെയർ വിഹിതം | 10,71,900.00 | 19 ബലി മൃഗങ്ങളുടെ വില | 8,40,000.00 |
| എല്ല്, തുകൽ വില്പന | 11,400.00 | മൃഗങ്ങളെ കൊണ്ടുവന്നതുൾപ്പെടെ വാഹന വാടക | 1,900.00 |
| മുൻ ബാലൻസ് | 142.40 | വൈക്കോൽ, തവിട്, കയർ, മരുന്ന് | 82,597.00 |
| മഹല്ല് ഫണ്ടിൽ നിന്നും അഡ്വാൻസ് | 7,62,000.00 | മൃഗപരിപാലനം | 28,000.00 |
| | | അറവ് കൂലി, പാക്കിംഗ്, ഭക്ഷണം | 88,042.00 |
| | | പന്തൽ, ലൈറ്റ്, കിറ്റ് എന്നിവ | 12,900.00 |
| | | എല്ല്, തുകൽ വില്പന സംഖ്യ, പുരപണിയ്ക്ക് നൽകിയത് | 11,400.00 |
| | | വേസ്റ്റ് നീക്കം ചെയ്യൽ, കുഴിയെടുക്കൽ, ക്ലീനിംഗ് | 18,258.00 |
| | | മസ്ജിദ് ഫണ്ടിലേക്ക് തിരിച്ചടവ് | 7,62,000.00 |
| | | നീക്കിയിരിപ്പ് | 345.40 |
| **ആകെ** | **18,45,442.40** | **ആകെ** | **18,45,442.40** |

## സക്കാത്ത് വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2016-2017

| | | | |
|---|---|---|---|
| സക്കാത്ത് ശേഖരണം | 4,03,901.00 | സക്കാത്ത് വിതരണം 333 x 500 | 1,66,500.00 |
| | | 2 പേർക്ക് പുരപണി സഹായം | 2,32,401.00 |
| | | ചികിത്സാ സഹായം | 5,000.00 |
| | | | |
| **ആകെ** | **4,03,901.00** | **ആകെ** | **4,03,901.00** |

## ഫിത്തർ സക്കാത്ത് വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2016-2017

| | | | |
|---|---|---|---|
| ഫിത്വർ സക്കാത്ത് ശേഖരണം | 1,30,200.00 | അരി വില x 20.30 ക. | 1,22,782.00 |
| ചാക്ക് വിൽപ്പന | 310.00 | അരി ഇറക്കിയ കൂലി, വാഹന വാടക | 3,400.00 |
| മുൻ ബാലൻസ് | 56.00 | കിറ്റ്, പാക്കിംഗ് | 4,300.00 |
| | | നീക്കിയിരിപ്പ് സംഖ്യ | 84.00 |
| | | | |
| **ആകെ** | **1,30,566.00** | **ആകെ** | **1,30,566.00** |

## സമൂഹ വിവാഹം വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2016-2017

| | | | |
|---|---|---|---|
| ബക്കറ്റ് കളക്ഷൻ | 1,33,823.00 | 8 കുട്ടികളുടെ വിവാഹത്തിനുള്ള സഹായം | 8,00,000.00 |
| സംഭാവന | 4,210.00 | ക്ലോസിംഗ് ബാങ്ക് ബാലൻസ് 31-3-2017 | 74,950.00 |
| മഹല്ല് ഫണ്ടിൽ നിന്നും അഡ്വാൻസ് തിരിച്ചുവരവ് | 7,00,000.00 | ക്ലോസിംഗ് ക്യാഷ് ബാലൻസ് 31-3-2017 | 2,881.00 |
| ബാങ്ക് ആദായം | 1,145.00 | | |
| ഓപ്പണിംഗ് ബാങ്ക് ബാലൻസ് 1-04-2016 | 38,653.00 | | |
| | | | |
| | | | |
| | | | |
| | | | |
| **ആകെ** | **8,77,831.00** | **ആകെ** | **8,77,831.00** |

ഓഡിറ്റേഴ്സ്

**സി.എ. അബ്ദുൾ റഷീദ്** (ഒപ്പ്) **എൻ.എ. അലി** (ഒപ്പ്)

| | ബഡ്ജറ്റ് വിശകലനം 2016 – 2017 | | | | | ബഡ്ജറ്റ് 2017 – 2018 | |
|---|---|---|---|---|---|---|---|
| | ഇനം | പ്രതീക്ഷിച്ച വരവ് | യഥാർത്ഥ വരവ് | പ്രതീക്ഷിച്ച ചെലവ് | യഥാർത്ഥ ചെലവ് | പ്രതീക്ഷിക്കുന്ന വരവ് | പ്രതീക്ഷിക്കുന്ന ചെലവ് |
| 1 | സംഭാവന | 25,00,000 | 29,38,864 | | | 30,00,000 | |
| 2 | ഭണ്ഡാരം | 35,00,000 | 34,97,112 | | | 35,00,000 | |
| 3 | മഖ്ബറ | 40,00,000 | 32,84,438 | | | 33,00,000 | |
| 4 | ലേലം | 4,00,000 | 2,63,711 | | | 3,00,000 | |
| 5 | വെളിച്ചെണ്ണ വിറ്റ് വരവ് | 2,50,000 | 1,82,977 | | | 2,00,000 | |
| 6 | പറമ്പ് | 10,000 | 9,050 | | | 10,000 | |
| 7 | നോമ്പ്തുറക്കൽ | 4,00,000 | 3,56,562 | 4,00,000 | 3,98,273 | 4,00,000 | 4,00,000 |
| 8 | വാടക | 25,00,000 | 28,00,690 | | | 28,00,000 | |
| 9 | വരിസംഖ്യ | 1,50,000 | 2,92,660 | | | 3,00,000 | |
| 10 | വിവാഹഫീസ് | 50,000 | 48,000 | | | 50,000 | |
| 11 | മെമ്പർഷിപ്പ് ഫീസ് | 1,500 | 600 | | | 1,000 | |
| 12 | പി.എസ്.സി. ട്രെയിനിംഗ് ക്ലാസ് | 72,000 | 1,03,500 | 72,000 | | | |
| 13 | വിവാഹഫോറം | 1,000 | 4,780 | | | 1,000 | |
| 14 | സർഫിക്കറ്റ് ഫീസ് | 1,500 | 1,600 | | | 2,000 | |
| 15 | റാത്തീബ് | 30,000 | 46,551 | 30,000 | 30,239 | 40,000 | 35,000 |
| 16 | പൊതുതാല്പര്യഫണ്ട് | 20,000 | 21,189 | | | 30,000 | |
| 17 | മദ്രസ്സകൾ | 15,000 | 32,069 | 5,00,000 | 4,88,682 | 5,00,000 | 5,00,000 |
| 18 | മസ്ജിദ് | | | 7,00,000 | 8,42,411 | | 7,00,000 |
| 19 | ശമ്പളം, അലവൻസ് | | | 47,00,000 | 50,19,797 | | 50,50,000 |
| 20 | ഇലക്ട്രിസിറ്റി | | | 2,50,000 | 2,37,592 | | 2,50,000 |
| 21 | ടെലഫോൺ | | | 25,000 | 22,434 | | 20,000 |
| 22 | യാത്ര | | | 25,000 | 30,210 | | 30,000 |
| 23 | മദ്രസ്സ ഗ്രാന്റ് | | | 3,00,000 | 3,30,000 | | 3,30,000 |
| 24 | ചികിത്സാ സഹായം | | | 1,50,000 | 1,39,750 | | 1,50,000 |
| 25 | വിവാഹ സഹായം | | | 2,00,000 | 1,00,000 | | 1,50,000 |
| 26 | പുരപണി സഹായം | | | 1,00,000 | 1,31,200 | 2,00,000 | 5,00,000 |
| 27 | പഠന സഹായം | | | 3,00,000 | 3,32,970 | | 3,00,000 |
| 28 | പോസ്റ്റ് പ്രിന്റിംഗ് സ്റ്റേഷനറി | | | 1,50,000 | 75,019 | | 1,00,000 |
| 29 | മെസ്സ് | | | 2,80,000 | 3,03,798 | | 3,00,000 |
| 30 | നബിദിനാഘോഷം | | | 1,00000 | 1,01,191 | | 1,15,000 |
| 31 | ഉഴുവത്ത്കടവ് മസ്ജിദ് | | | 1,10,00 | 3,10,000 | | 2,00,000 |
| 32 | മഹല്ല് പൊതുയോഗം | | | 70,000 | 43,664 | | 50,000 |
| 33 | കേരള വഖഫ് ബോർഡ് | | | 2,50,000 | 3,22,027 | | 1,50,000 |
| 34 | നികുതി | | | 3,00,000 | 3,52,718 | | 3,50,000 |
| 35 | ചെക്ക് കമ്മീഷൻ | | | 100 | 397 | | 500 |
| 36 | മരണാനന്തര സഹായഫണ്ട് | 3,00,000 | 3,88,400 | 3,00,000 | 2,94,159 | 3,50,000 | 3,00,000 |
| 37 | പത്രം | | | | 945 | | 1,000 |
| 38 | ചരിത്രപുസ്തകം | 50,000 | 30,600 | 50,000 | 29,200 | 30,000 | 50,000 |
| 39 | വിശ്രമകേന്ദ്രം | 2,50,000 | 3,15,825 | | 6,350 | 3,00,000 | 15,000 |
| 40 | മഹല്ലംഗങ്ങൾക്കല്ലാത്ത സഹായം | | | 30,000 | 39,500 | | 35,000 |
| 41 | മദ്രസ്സ ട്യൂഷൻ | 7,00,000 | | 4,00,000 | 3,60,500 | | 3,80,000 |
| 42 | ബിൽഡിംഗ് മെയിന്റനൻസ് | | | 25,000 | 61,039 | | 2,50,000 |
| 43. | പെൻഷൻ | | | 1,80,000 | 1,81,700 | | 1,83,000 |
| 44. | വിദേശകറൻസി, സ്വർണ്ണം വിൽപന | 1,00,000 | 54,315 | | | 1,00,000 | |
| 45. | സമൂഹവിവാഹം-തിരിച്ചുനൽകൽ | | | 25,00,000 | | | 20,00,000 |
| 46. | കരുതൽ സംഖ്യ | | | | | | 25,19,500 |
| | | | | | | | |
| | **ആകെ** | | | | | **1,54,14,000** | **1,54,14,000** |
| | | | | | | | |

# അറിയിപ്പ്

1. എസ്.എസ്.എൽ.സി. കഴിഞ്ഞ വിദ്യാർത്ഥികൾക്ക് മഹല്ല് കമ്മറ്റി നൽകി വരുന്ന സ്കോളർഷിപ്പിനുള്ള അപേക്ഷകൾ 15-07-2017 ന് മുമ്പ് മഹല്ല് കമ്മറ്റി ഓഫീസിൽ നൽകേണ്ടതാണ്. അപേക്ഷകർ അവസാനമെഴുതിയ പൊതുപരീക്ഷയുടെ മാർക്ക് ലിസ്റ്റും പഠിക്കുന്ന സ്ഥാപനത്തിന്റെ സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. കൂടാതെ അപേക്ഷകളിൽ കമ്മറ്റി മെമ്പറുടെ റിപ്പോർട്ടും രേഖപ്പെടുത്തി വാങ്ങേണ്ടതാണ്. **മഹല്ല് കമ്മറ്റി നടത്തി വരുന്ന സൺഡേ ക്ലാസിൽ മുടങ്ങാതെ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകിയാൽ മതിയെന്ന് കമ്മറ്റി തീരുമാനിച്ചിട്ടുള്ളതും ആയത് നിർബന്ധമായി നടപ്പിലാക്കി വരുന്നതാണെന്നും അറിയിക്കുന്നു.**

2. മഹല്ലിന്റെ വിദ്യാഭ്യാസ അവാർഡുകൾ 13.05.2017 ൽ കൂടുന്ന മഹല്ല് വാർഷിക പൊതുയോഗത്തിൽ വെച്ച് വിതരണം ചെയ്യുന്നതാണ്. എസ്. എസ്.എൽ.സി., പ്ലസ്ടു തുടങ്ങിയ കോഴ്സുകളിൽ മഹല്ലിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ വിദ്യാർത്ഥികൾ വിദ്യാഭ്യാസ അവാർഡിനായുള്ള അപേക്ഷകളും, മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഉൾപ്പെടെ 10.05.2017 ന് മുമ്പായി മഹല്ല് കമ്മറ്റി ഓഫീസിൽ നൽകേണ്ടതാണ്.

3. മഹല്ലിന്റെ സൗജന്യ സ്കൂൾ ട്യൂഷൻ 09-05-2016 മുതൽ ആരംഭിക്കുന്നതാണ്. താല്പര്യമുള്ള രക്ഷിതാക്കൾ മഹല്ല് കമ്മറ്റി ഓഫീസുമായി ബന്ധപ്പെട്ട് കുട്ടികളെ ക്ലാസ്സിലെത്തിക്കേണ്ടതാണ്.

4. മഹല്ല് പൊതുയോഗ തീരുമാനപ്രകാരമുള്ള വിവാഹപൂർവ്വ കൗൺസിലിംഗ് ക്ലാസ്സുകൾ എല്ലാ രണ്ടാം ശനിയാഴ്ചകളിലും മ്യൂസിയം ഹാളിൽ നടന്നു വരുന്നുണ്ട്. 3 ക്ലാസുകളിലെങ്കിലും പങ്കെടുക്കാത്തവർക്ക് വിവാഹഫോറം, നൽകേണ്ടതില്ലെന്ന് മഹല്ല് പൊതുയോഗം തീരുമാനിച്ചിട്ടുണ്ട്. ബന്ധപ്പെട്ടവർ ക്ലാസുകളിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

5. മഹല്ലിലേക്ക് നൽകുന്ന അപേക്ഷകൾക്ക് മുമ്പായി കുടശ്ശിക തീർത്തിരിക്കേണ്ടതാണ്.

6. സാമ്പത്തിക ഭദ്രതയുള്ള മഹല്ല് അംഗങ്ങളുടെ വീടുകളിൽ നടക്കുന്ന വിവാഹങ്ങൾക്കുള്ള അനുമതിപത്രം മഹല്ല് കമ്മറ്റി ഓഫീസിൽ നിന്നും വാങ്ങുന്ന മുറക്ക് മഹല്ല് പൊതുയോഗം നിശ്ചയിച്ചിട്ടുള്ളത് പ്രകാരം വിവാഹ സെസ്സ് കൂടി ഓഫീസിൽ അടച്ച് രശീതി വാങ്ങേണ്ടതാണ്.

**എസ്.എ. അബ്ദുൽ കയ്യൂം** (ഒപ്പ്)
സെക്രട്ടറി, ചേരമാൻ മഹല്ല് കമ്മറ്റി

# THE FIRST JUMA MASJID IN INDIAN SUB CONTINENT



മാലിദ്വീപ് ആരോഗ്യവകുപ്പ് മന്ത്രി
ഹുസൈൻ ഇബ്രാഹിം പള്ളിയിൽ
എത്തിയപ്പോൾ



മന്ത്രിമാരായ ഡോ. തോമസ് ഐസക്,
എ.സി. മൊയ്തീൻ, നെതർലന്റിന്റെ ഇന്ത്യൻ
സ്ഥാനപതി എന്നിവർ പള്ളി സന്ദർശന വേളയിൽ



മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിന്റെ
കത്തുകളുടെ
പകർപ്പ് മ്യൂസിയത്തിന് നൽകുന്ന ചടങ്ങ്



മന്ത്രി ശ്രീ. കടന്നപ്പിള്ളി രാമചന്ദ്രൻ പള്ളിയിൽ
എത്തിയപ്പോൾ



കാലിക്കറ്റ് യൂണിവേഴ്സിറ്റിയും ചേരമാൻ
പള്ളിയും ചേർന്ന്
സംഘടിപ്പിച്ച മതസൗഹാർദ്ദ സദസ്സ്



കേരള ടൂറിസം സെക്രട്ടറി
ശ്രീ. പി. വേണു IAS പള്ളി സന്ദർശിച്ചപ്പോൾ



മന്ത്രി കടകംപിള്ളി സുരേന്ദ്രൻ,
വി.ആർ. സുനിൽകുമാർ എം.എൽ.എ.,
ഇ.ടി. ടൈസൺ എം.എൽ.എ.
എന്നിവരുടെ പള്ളി സന്ദർശനം



ഹരിയാന എം.എൽ.എ.
പള്ളിയിലെത്തിയപ്പോൾ



മന്ത്രി കെ.ടി. ജലീൽ

## CHERAMAN JUMA MASJID

(THE FIRST JUMA MASJID IN INDIAN SUB CONTINENT)

Cheraman Nagar, Kodungallur - 680 664, Thrissur Dt., Kerala, India

Website : www.cheramanmosque.com ▮ www.cheramanjumamasjid.com
E-mail : cheramanmasjid@gmail.com

Phone: 0480 - 280 3170,+91 82 89 84 3170